
എൻ.വി. കൃഷ്ണവാരിയർ

# ചിത്രാംഗദ

(ആട്ടക്കഥ)

എൻ. വി. കൃഷ്ണവാരിയർ

വില: 1 ക.

# CHITRANGADA

(ATTAKATHA)

**N. V. KRISHNA WARRIOR.**

1st impression: April 1962.

1000 Copies

Published by:
C. I. C. C. Book House,
T. B. Road, Ernakulam.

Printed at:
Sathiaprakasini Press,
Ernakulam.

**Price Re. 1—00**

# ചിത്രാംഗദ

(ആട്ടക്കഥ)

**എൻ. വി. കൃഷ്ണവാരിയർ**

ഒന്നാംപതിപ്പ്: 1962 ഏപ്രിൽ

കോപ്പി: 1000

പകർപ്പവകാശം ഗ്രന്ഥകർത്താവിന്ന്

പ്രസാധകർ:
സി. ഐ. സി. സി. ബുക്ക് ഹൗസ്,
ടി. ബി. റോഡ്, എറണാകുളം.

അച്ചടി:
സത്യപ്രകാശിനി പ്രസ്സ്,
എറണാകുളം.

വില: ഒരു രൂപ.

## എൻ. വി. കൃഷ്ണവാരിയരുടെ കൃതികൾ

| | |
|---|---|
| ചിത്രാംഗദ | (ആട്ടക്കഥ) |
| ബുദ്ധചരിതം | ” |
| നീണ്ട കവിതകൾ | (കവിതാസമാഹാരം) |
| കുറെക്കൂടി നീണ്ട കവിതകൾ | ” |
| കൊച്ചുതൊമ്മൻ | ” |
| ചാട്ടവാർ | ” |
| വീരരവിവർമ്മചക്രവർത്തി | (നാടകം) |
| വാസ്കോഡിഗാമയും വേറെ മൂന്നു നാടകങ്ങളും | ” |
| കലോത്സവം | (ലേഖനസമാഹാരം) |
| ഏഴു ജർമ്മൻ കഥകൾ | (കഥാസമാഹാരം) |
| ഉണരുന്ന ഉത്തരേന്ത്യ | (യാത്രാവിവരണം) |
| അമേരിക്കയിലൂടെ | ” |

## പ്രസ്താവന

1956-ൽ ഇന്ത്യയൊട്ടുക്ക് ബുദ്ധജയന്തി ആഘോഷിച്ച കാലത്ത് അഖിലേന്ത്യാ റേഡിയോവിന്റെ കോഴിക്കോട്ട് നിലയത്തിന്നു വേണ്ടി "ബുദ്ധചരിതം" എന്ന ആട്ടക്കഥ എഴുതാൻ ഞാൻ നിർബ്ബദ്ധനായി. 1961-ൽ ടാഗോർ ശതവാർഷികാഘോഷങ്ങളോടനുബന്ധിച്ച് അഭിനയിക്കുന്നതിന്നു വേണ്ടി മഹാകവിയുടെ "ചിത്രാംഗദ" എന്ന നാടകത്തിന്റെ ഒരു ആട്ടക്കഥാവിവർത്തനം തയ്യാറാക്കണമെന്ന് കേരളസാഹിത്യ അക്കാദമി എന്നോട് ആവശ്യപ്പെടുവാൻ "ബുദ്ധചരിതം" ഹേതുവായിത്തീർന്നു. ടാഗോർ ശതവാർഷികാഘോഷങ്ങൾക്ക് വേണ്ടി രൂപവൽക്കരിക്കപ്പെട്ട കേരളസംസ്ഥാനകമ്മററിയും ഈ ആവശ്യം ആവർത്തിച്ചു. അതിന്റെ ഫലമാണ് ഈ ആട്ടക്കഥ.

"ബുദ്ധചരിത"ത്തെക്കാളധികം എന്നെ വിഷമിപ്പിച്ചിട്ടുണ്ട് "ചിത്രാംഗദ." ടാഗോറിന്റെ പ്രസിദ്ധമായ നാടകത്തിൽ സ്വന്തമായി എന്തെങ്കിലും ഏച്ചു കൂട്ടുവാൻ എനിക്കിഷ്ടമില്ലായിരുന്നു. അതേ സമയം, കഥകളിയരങ്ങിൽ പ്രദർശിപ്പിക്കാൻ കഴിയണമെങ്കിൽ ടാഗോർ കൃതിയിലെ "കവിത" വളരെയൊക്കെ ചോർത്തിക്കളയാതെ നിവൃത്തിയില്ലെന്നും തോന്നി. രംഗങ്ങൾ പുനസ്സംവിധാനം ചെയ്യേണ്ടി വന്നു; പല ഭാഗങ്ങളും സംക്ഷേപിക്കേണ്ടത് അനുപേക്ഷണീയമായിത്തീർന്നു. ഇതിന്റെയൊക്കെ ഫലം എന്തായെന്ന് തീരുമാനിക്കേണ്ടത് ടാഗോർ കൃതി നല്ല പോലെ വായിച്ചശേഷം ഇത് അഭിനയിച്ചു കാണുന്ന സഹൃദയരാണ്. ഒന്നു മാത്രം ഇവിടെ പറയാം: ടാഗോർ കൃതിയിലില്ലാത്ത ഏറെയൊന്നും ഇതിൽ ഞാൻ സ്വന്തമായി കുത്തിത്തിരുകിയിട്ടില്ല.

"ചിത്രാംഗദ"യിൽ "ആദ്യാവസാനം" നായികയായ ചിത്രയാണ്. നായികാപ്രധാനമായ ആട്ടക്കഥയാകട്ടെ മുമ്പ് ഉണ്ടായിട്ടില്ലെന്നു തന്നെ പറയാം. "ബുദ്ധചരിത"ത്തിലെപ്പോലെ വിഭിന്നരസങ്ങളുടെ സന്നിവേശത്തിന്നോ പല തരം വേഷങ്ങളുടെ രംഗപ്രവേശത്തിന്നോ "ചിത്രാംഗദ"യുടെ കഥ അവസരം നൽകുന്നില്ല. ശൃംഗാരമാണ് "ചിത്രാംഗദ"യിലെ മുഖ്യരസം. പക്ഷേ അത് കഥകളിരംഗത്ത് പരിചിതമായ തരം ശൃംഗാരമല്ല. വിപ്രലംഭമോ സംഭോഗമോ എന്നു തിരിച്ചു പറയാനാകാത്ത, തികച്ചും റൊമാൻറിക്കും ആദർശാത്മകവും ആയ,

ഒരു നവീനഭാവവിശേഷമാണിതു്. കഥാനായകനു് ഇതിൽ, സാംഖ്യദർശനത്തിലെ "പുരുഷ"നെന്നപോലെ, മിക്കവാറും തടസ്ഥഭാവമേ ഉള്ളു. ഈ നിലയിൽ "ചിത്രാംഗദ" രംഗത്തു് പ്രയോഗിക്കുന്നതിന്നു് നല്ല പ്രയാസമുണ്ടു്. ടാഗോറിന്റെ നാടകം നല്ലപോലെ പഠിച്ച പ്രതിഭാശാലികളായ നടന്മാർക്കേ ഇതു് അഭിനയിച്ചു് ഉദ്ദിഷ്ടഫലം വരുത്താൻ കഴിയൂ. കഥകളിയെ സ്സംബന്ധിച്ച മുൻധാരണകൾ കുറെയൊക്കെ മാററിവെച്ചു് കണ്ടാലേ കാഴ്ചക്കാർക്കു് ഇതിലെന്തെങ്കിലും രസം ഉളവാകുകയുമുള്ളൂ.

"ബുദ്ധചരിത"ത്തെപ്പോലെ "ചിത്രാംഗദ"യും ചിട്ടപ്പെടുത്തി രംഗത്തിൽ അവതരിപ്പിച്ചിട്ടുണ്ട. ചുമതല പണ്ഡിതനും കലാമണ്ഡലത്തിലെ പ്രധാനാചാര്യനുമായ ശ്രീ വാഴേങ്കട കുഞ്ചുനായർ ഏറെറടുത്തതു് എന്റെ ഭാഗ്യമായി ഞാൻ എണ്ണുന്നു. ടാഗോർ ശതവാർഷികാഘോഷങ്ങൾക്കായുള്ള കേരളസംസ്ഥാനകമ്മററി പിന്നീടു്, എന്തു കാരണത്താലോ, "ചിത്രാംഗദ" അഭിനയിപ്പിച്ചിട്ടുണ്ടായില്ലെങ്കിലും, കോഴിക്കോട്ടു് റേഡിയോ നിലയത്തിന്റെ ആഭിമുഖ്യത്തിൽ ഇതിലെ അഞ്ചു രംഗങ്ങൾ 1961 ഒക്ടോബർ 15-ാംനു- കോഴിക്കോട്ടു് ടൗൺഹാളിൽ വെച്ചു് കലാമണ്ഡലത്തിലെ വിദഗ്ദ്ധനടന്മാർ സഹൃദയസമക്ഷം അവതരിപ്പിക്കുകയുണ്ടായി. പിന്നീടു് കല്ലൂരായിൽ വെച്ചു് ഇതിലെ ഏതാനും രംഗങ്ങൾ പ്രദർശിപ്പിക്കപ്പെട്ടു.

കഥകളിക്കു് ഇന്നു് കേരളീയരുടേയും വിദേശീയരുടേയും ഇടയിൽ നല്ല മതിപ്പുണ്ടു്. ഈ മതിപ്പു് തുടർന്നു നിലനിന്നു വരണമെങ്കിൽ പുതിയ കഥകൾ രംഗത്തവതരിപ്പിക്കപ്പെടണം; പുതിയ കൃതികൾ എഴുതപ്പെടണം; പുതിയ ഭാവങ്ങൾ അവയിലൂടെ ആവിഷ്കരിക്കപ്പെടണം. കേരളത്തിന്റെ ഈ ഭാരതീയകലയ്ക്കു് ഇങ്ങിനെയൊരെളിയ സംഭാവന നൽകാൻ കഴിഞ്ഞതിൽ എനിക്കു ചരിതാർത്ഥ്യമുണ്ടു്. അതു് തള്ളുകയോ കൊള്ളുകയോ ചെയ്യേണ്ടതു് കഥകളിയിൽ താൽപര്യമുള്ള സഹൃദയരാണു്. അവരുടെ ശ്രദ്ധയ്ക്കു് ഞാൻ സവിനയം ഈ കൃതി സമർപ്പിക്കുന്നു.

എൻ. വി. കൃഷ്ണവാരിയർ.

മാതൃഭൂമി, കോഴിക്കോട്ടു്,
27 ഫെബ്രുവരി, 1962.

# രംഗം ഒന്നു്

(ശ്ലോകങ്ങൾ — കേദാരഗൗഡം)

1. പഞ്ചേഷോരിവ മായിനസ്ത്രിജഗതീ-
സമ്മോഹിനീം പിഞ്ഛികാം
പാഞ്ചാലീം പരിണീയ മാതൃവചസാ
പഞ്ചാപി തേ പാണ്ഡവാഃ
വിന്ദന്തഃ പ്രതിവത്സരം പ്രണയിനീ-
മേനാം ക്രമാദാശ്രവാ-
ദിന്ദ്രപ്രസ്ഥപുരേ ജിതേന്ദ്രനഗരേ
നിർമ്മത്സരാ രേമിരേ.

---

1. (തേ) പ്രസിദ്ധരായ (പാണ്ഡവാഃ പഞ്ച അപി) പാണ്ഡവന്മാർ അഞ്ചുപേരും (മായിനഃ പഞ്ചേഷോഃ ത്രിജഗതീസമ്മോഹിനീം പിഞ്ഛികാം ഇവ പാഞ്ചാലീം) ഐന്ദ്രജാലികനായ കാമദേവന്നു് മൂന്നു ലോകങ്ങളേയും മയക്കുവാനുള്ള പീലിക്കെട്ടോ എന്നു തോന്നുമാറുള്ള പാഞ്ചാലിയെ (മാതൃവചസാ പരിണീയ) അമ്മയുടെ വാക്കു കൊണ്ടു് വിവാഹം ചെയ്തിട്ടു് (ആശ്രവാൽ) തങ്ങളിൽ ചെയ്ത വ്യവസ്ഥയനുസരിച്ചു് (പ്രണയിനീം ഏനാം ക്രമാൽ പ്രതിവത്സരം വിന്ദന്തഃ) പ്രണയവതിയായ ഇവളെ വയഃക്രമത്തിൽ ഓരോരുത്തരും ഓരോ വർഷം പത്നിയായി സ്വീകരിച്ചു കൊണ്ടു് (നിർമ്മത്സരാഃ) പരസ്പരമത്സരമെന്നിയേ (ജിതേന്ദ്രനഗരേ ഇന്ദ്രപ്രസ്ഥപുരേ) അമരാവതിയെ അതിശയിക്കുന്ന ഇന്ദ്രപ്രസ്ഥനഗരത്തിൽ (രേമിരേ) സുഖമായി വസിച്ചു. (പീലിക്കെട്ടു പോലെ കറുത്തവളാണല്ലോ പാഞ്ചാലി.)

2. സ്തേനാസ്കന്ദിതവിപ്രധൈനുകപരി–
ത്രാണാർത്ഥമദ്ധാ f യുധാ–
ന്യാദാസ്യന്നവരോധമേത്യ ദയിതാം
ദ്രഷ്ട്വാഗ്രജാങ്കാസ്ഥിതാം
പാർത്ഥസ്സംശ്രവഭംഗനിഷ്കൃതികൃതേ
വർണ്ണീ ഗുരോരാജ്ഞയാ
വർഷാൻ ദ്വാദശ തീർത്ഥസേവനപരോ
ബഭ്രാമ ഭൂമണ്ഡലം.

(കല്യാണി)

3. യാത്രാന്തരേ മണിപുരം സമുപേത്യ പാർത്ഥഃ
കുത്രാപ്യസ്വപദരണ്യപഥേ ശ്രമാർത്തഃ
തത്രാഗമത് പുരുഷവേഷധരാ ധൃതാസ്ത്രാ
ചിത്രാംഗദാ നൃപസുതാ മൃഗയാവിലോലാ.

---

2. (പാർത്ഥഃ) അർജ്ജുനൻ (സ്തേനാസ്കന്ദിതവിപ്രധൈനുകപരിത്രാണാർത്ഥം) കള്ളന്മാർ കവർന്നു കൊണ്ടു പോയ ബ്രാഹ്മണൻെറ പശുക്കളെ സംരക്ഷിക്കുന്നതിനു വേണ്ടി (അദ്ധാ ആയുധാനി ആദാസ്യൻ) പെട്ടെന്ന് ആയുധങ്ങൾ എടുക്കുന്നതിന്നായി (അവരോധം ഏത്യ) അന്തഃപുരത്തിൽ കടന്നു ചെന്നപ്പോൾ (അഗ്രജാങ്കാസ്ഥിതാം ദയിതാം ദ്രഷ്ട്വാ) ജ്യേഷ്ഠനായ ധർമ്മപുത്രൻെറ മടിയിൽ പാഞ്ചാലി ഇരിക്കുന്നതു കണ്ടു് (സംശ്രവഭംഗനിഷ്കൃതികൃതേ) പ്രതിജ്ഞാഭംഗത്തിന്നു് പ്രായശ്ചിത്തമനുഷ്ഠിക്കുന്നതിന്നായി (ഗുരോഃ ആജ്ഞയാ) ധർമ്മപുത്രൻെറ കല്പന പ്രകാരം (വർണ്ണീ തീർത്ഥസേവനപരഃ) ബ്രഹ്മചാരിയും തീർത്ഥാടകനുമായിട്ടു് (ദ്വാദശ വർഷാൻ ഭൂമണ്ഡലം ബഭ്രാമ) പന്ത്രണ്ടു കൊല്ലം ഭൂമിയിൽ ചുററി നടന്നു.

3. (യാത്രാന്തരേ മണിപുരം സമുപേത്യ) തീർത്ഥയാത്രാമദ്ധ്യത്തിൽ മണിപ്പുരിലെത്തിയ (പാർത്ഥഃ ശ്രമാർത്തഃ) അർജ്ജുനൻ വല്ലാതെ തളർന്നു് (കുത്രാപി അരണ്യപഥേ അസ്വപത്) ഒരു കാട്ടുപാതയിൽ കിടന്നുറങ്ങി. (നൃപസുതാ ചിത്രാംഗദാ) മണിപ്പൂർ രാജാവിൻെറ മകളായ ചിത്രാംഗദ (മൃഗയാവിലോലാ പുരുഷവേഷധരാ ധൃതാസ്ത്രാ) നായാട്ടിൽ കൌതുകം പൂണ്ടു്, പുരുഷവേഷം ധരിച്ചു് ആയുധങ്ങളേന്തി (തത്ര ആഗമത്) അവിടെ വന്നു.



(പുരുഷവേഷം ധരിച്ച ചിത്രാംഗദ പ്രവേശിക്കുന്നു.)

ചിത്രാംഗദ

(കല്യാണി — ചെമ്പട)

4. പൂർണ്ണാതടിനീതീരാരണ്യം
കണ്ണിന്നാനന്ദം
ഝില്ലീഝംകൃതിസന്തതമുഖരം
വല്ലീഗുല്മനിവാരിതമിഹിരം

കുതിരയെയൊരു തരുമൂലേ കെട്ടി
പദപഥമാർന്നു നടന്നീടുന്നേൻ
ഏകാകിനിയായ് മൃഗയാകുതുകാൽ
പൂകീടുന്നേൻ ഗഹനം വിപിനം

ഉഴിയിലെങ്ങും പല പദചിഹ്നം
പൂഴിയിൽ വിശദം കാണാകുന്നു
ഉദ്ധതവിവിധശ്വാപദയൂഥം
ഇത്തിരിയകലത്തുണ്ടു നിയതം

---

4. "പൂർണ്ണാ..." പൂർണ്ണാനദിയുടെ തീരത്തുള്ള വനം. "ഝില്ലീ..." ചീവീടുകളുടെ ചിലയ്ക്കൽ കൊണ്ടു് എപ്പോഴും മുഴങ്ങുന്നതു്. "വല്ലീ..." വള്ളികളാലും കുററിച്ചെടികളാലും വെയിൽ അകത്തേയ്ക്കു കടക്കാത്തതു്. പദപഥം = വഴിത്താര. "ഉദ്ധത..." അഹങ്കരിക്കുന്ന പല തരം ദുഷ്ടമൃഗങ്ങളുടെ കൂട്ടം.

(രംഗത്തിന്റെ ഒരു ഭാഗത്ത് തിരശ്ശീല നീങ്ങുകയും, ഉറങ്ങുന്ന അര്ജ്ജുനനെ ചിത്ര കാണുകയും ചെയ്യുന്നു)

(ശ്ലോകം — കേദാരഗൌഡം)

5. പദവീമവരുന്ധാനം
പാദപമൂലേ പ്രസുപ്തമതിമലിനം
ഇനമിവ ഘനചയലീനം
വിജയം ചിത്രാ വിലോകയാഞ്ചക്രേ.

**ചിത്രാംഗദ**

(കേദാരഗൌഡം — ചെമ്പട)

6. വഴിയിൽ വിലങ്ങിയിതാരു കിടപ്പു
മലിനൻ ചീരധരൻ പൊടിമണ്ണിൽ?
എഴുന്നേറ്റെന്നുടെ വഴി വിട്ടൊഴിയുക,
എട ധിക്കാരി, മാറുക ദൂരെ!
തല പൊക്കാനും വയ്യാതായോ?
തൊട്ടുവാനിവനെക്കൈയിനറയ്ക്കും.
വില്ലിൻ മുനയാൽ മെല്ലെത്തോണ്ടി
തെല്ലുണ്ടോട്ടീട്ടെൻ ഗതി ഉടനാം.

---

5. (പദവീം അവരുന്ധാനം) വഴി മുടക്കി (പാദപമൂലേ പ്രസുപ്തം) മരച്ചുവട്ടിൽ കിടന്നുറങ്ങുന്നവനും (അതിമലിനം) ഉലോം മുഷിഞ്ഞ വേഷത്തിലുള്ളവനും (ഘനചയലീനം ഇനം ഇവ) മേഘപംക്തിയിൽ മറഞ്ഞ സൂര്യനോട്ട തുല്യനും ആയ (വിജയം ചിത്രാ വിലോകയാം ചക്രേ) അര്ജ്ജുനനെ ചിത്ര കണ്ടു.

6. വിലങ്ങി=കുറുകെ. മലിനൻ=പൊടി പുരണ്ടവൻ ചീരധരൻ=മരവുരി ധരിച്ചവൻ. "തല പൊക്കാനും......" ആത്മഗതം.



(ശ്ലോകം — സാവേരി)

7. ബലമത്ത നൃപാലപുത്രി വില്ലിൻ
തലയാൽത്തൻ തനു തൊട്ടതാം ക്ഷണത്തിൽ
ജ്വലദുൽക്കടരോഷദീപ്തനേത്രൻ
വലഭിൽസൂനു പിടഞ്ഞെണീറ്റു പാർത്ഥൻ.

**അര്ജ്ജുനൻ**

(സാവേരി — ചെമ്പട)

8.
അവിനയമെന്തീവണ്ണം അയി ബാല, ചെയ്തീടുവാൻ?
പരിഹാസ്യം തവ വേഷം ചിരിയത്രേ വരുത്തുന്നു.

**ചിത്രാംഗദ**

(ശങ്കരാഭരണം — മുറിയടന്ത)

ക്ഷാരസുപ്തൻ വഹ്നിയാജ്യധാരയേറ്റുജ്ജ്വലിയ്ക്കും പോൽ
ചാരുദീർഘാകൃതേ, ചാടി നേരിൽ നിന്ന ഭവാനാരോ?

**അര്ജ്ജുനൻ**

(സാവേരി — ചെമ്പട)

കുരുവംശധരൻ പാർത്ഥൻ പറയും വാക്കു നീ കേൾക്ക;
വഴിയിൽക്കണ്ടവരോട്ടു പഴതേ മല്ലടിക്കായ്ക!

(അര്ജ്ജുനൻ പോകുന്നു).

---

7. തനു=ശരീരം. "ജ്വലദുൽക്കട"...ആളിക്കത്തുന്ന തീവ്രകോപത്താൽ കണ്ണുകൾ തിളങ്ങുന്നവൻ. വലഭിൽ സൂനു=ഇന്ദ്രപുത്രൻ.

8. അയി ബാല = അല്ലയോ ആൺകുട്ടി! അര്ജ്ജുനൻ അവളെ തിരിച്ചറിഞ്ഞില്ല. "പരിഹാസ്യം..." പക്ഷെ വേഷത്തിലുള്ള പൊരുത്തക്കേട് അദ്ദേഹത്തിലെ നബോധത്തെ ഉണർത്തി, നൈമിഷികമായ കോപത്തെ തണുപ്പിച്ചു. "ക്ഷാരസുപ്തൻ..." ചാരത്തിലുറങ്ങുന്ന ഹോമകുണ്ഡത്തിലെ

ചിത്രാംഗദ

(മുഖാരി — ചെമ്പട)

9\.

പാർത്ഥനെന്നോ? പോയ്ക്കഴിഞ്ഞോ? മാപ്പിരക്കാനും മറന്നു
ചിത്രവിന്യസ്തപോൽ ഞാനിങ്ങിത്ര നേരം നിന്നേനല്ലോ!
സത്യപാലനത്തിന്നായി പന്തീരണ്ടു വർഷം ഭൂവിൽ
തീർത്ഥയാത്രയാചരിച്ചും പാർത്ഥനോയോ ഹാ,
ഞാൻ കണ്ടു?

ഒട്ടിടയ്ക്കു കോപം കണ്ണിൽ; ഉത്തരക്ഷണത്തിൽച്ചുണ്ടിൽ
സ്നിഗ്ദ്ധഗുപ്തകൗതുകത്തിൻ മുഗ്ദ്ധമന്ദഹാസരേഖ!
പുരുഷവേഷത്തിൽച്ചെന്നീ വീരനോടു യുദ്ധഭിക്ഷ
തേടുമെന്നും, പട വെട്ടി തോൽവി ചേർത്തു വിടുമെന്നും
എന്റെയാബാല്യാഭിലാഷമെങ്ങു പോയിന്നിമിഷത്തിൽ?
ഇന്നു മോഹമക്കഴൽക്കീഴാന്നു പുല്ലിൻ തളിരാവാൻ.
വാർത്ത ചോദിച്ചീലാ മുഗ്ദ്ധ, പാർത്ഥനെ നീ വണങ്ങീലാ
വിഡ്ഢി പോൽ നീ നോക്കി നിന്നു, വീരമൗലി പോയ്;
മറഞ്ഞു!

---

തീ നെയ്യൊഴിച്ചാൽ കത്തിയാളുന്നതു പോലെ. കുരുവംശധരൻ = കുരുവംശത്തെ നില നിർത്തുന്നവൻ.

9\. ഭാവശബളമാണ് ഈ ആത്മഗതം, "സത്യപാലനത്തിന്നായി..." അർജ്ജുനന്റെ കഥകളെല്ലാം അവൾ കേട്ടിരിക്കുന്നു. സ്നിഗ്ദ്ധഗുപ്തകൗതുകം = സ്നേഹം പുരണ്ടതെങ്കിലും ഒളിപ്പിച്ച ജിജ്ഞാസ. ആബാല്യാഭിലാഷം = ബാല്യം മുതൽക്കുള്ള മോഹം. "ഇന്നു മോഹം..." അർജ്ജുനന്റെ കാൽക്കീഴിൽ നിൽക്കുന്ന പുൽത്തളിരാവാനാണ് ഇപ്പോൾ എനിക്കാഗ്രഹം. മുഗ്ദ്ധ = മൂഢ; നാട്ടുനടപ്പറിയാത്തവൾ.



# രംഗം രണ്ട്

(ശ്ലോകം — കാമോദരി)

10\. ആണിൻ വേഷമുടൻ വെടിഞ്ഞവൾ വധൂ-
വസ്ത്രങ്ങളാർന്നീടിനാൾ,
നാണം വിട്ടു മഹാർഹഭൂഷകളണി-
ഞ്ഞംഗം തിളക്കീടിനാൾ,
തേടിപ്പാർത്ഥനിരുന്നിടും വനശിവ-
ക്ഷേത്രത്തിലെത്തീടിനാൾ,
മോടിക്കോപ്പിതു കണ്ടു മന്ദഹസിതം
പൂണ്ടോതിനാനർജ്ജുനൻ.

(കാട്ടിലെ ശിവക്ഷേത്രത്തിൽ വിശ്രമിക്കുന്ന അർജ്ജുനന്റെ മുമ്പിലേക്ക് സർവ്വാഭരണഭൂഷിതയെങ്കിലും സുന്ദരിയല്ലാത്ത ചിത്രാംഗദ പ്രവേശിക്കുന്നു.)

അർജ്ജുനൻ

(കാമോദരി—ചെമ്പട)

11\. മഞ്ജുഗാത്രി, യാരയേ നീ മുഗ്ദ്ധരത്നാംബരേ ബാലേ,
ശിഞ്ജിതകാഞ്ചനകാഞ്ചീകിങ്കിണീകങ്കണമാലേ!
ആയതം പീവരം ജ്യാഘാതാങ്കിതം നിൻ ബാഹുയുഗ്മം
ധീരഭാവമെഴും നോട്ടം പുരുഷോചിതം

---

10\. വധൂവസ്ത്രങ്ങൾ = സ്ത്രീകളണിയുന്ന വസ്ത്രങ്ങൾ. മഹാർഹം = ശ്രേഷ്ഠം.

11\. "മഞ്ജുഗാത്രി..." സുന്ദരിയെന്നു സംബോധന ചെയ്യുന്നുവെങ്കിലും അർജ്ജുനന്റെ നോട്ടം അവളുടെ മനോഹരമായ രത്നങ്ങൾ പതിച്ച വസ്ത്രങ്ങളിലും സ്വർണ്ണനിർമ്മിത

ഇന്നലെ ഞാൻ കാനനത്തിൽ ചാപബാണ
പാണിയായി
നിന്നെയോ കണ്ടു മൃഗയാചാരിണിയായി?

ചിത്രാംഗദ

(നാഥനാമക്രിയ — മുറിയടന്ത)

12.
മണിപുരമന്നൻ ചിത്രവാഹനന്റെ മകളായി
മഹേശ്വരനരുളിയ ചിത്രാംഗദ ഞാൻ.
പുത്രനില്ലാഞ്ഞച്ഛനെന്നെ ക്ഷത്രിയബാലനു ചേർന്ന
ശസ്ത്രശിക്ഷ നൽകിപ്പോററി പുരുഷനൊപ്പം.
ഇന്നലെ ഞാനങ്ങയെയെൻ മുന്നിലായ് കാണും വരേയ്ക്കും
എന്നിലൊരു പെണ്ണുണ്ടെന്നായറിഞ്ഞതില്ല.
നിശീഥത്തിൽ നീരവയായ് നേത്രവാരിയാൽ നനച്ച
നിജചിത്തവ്യഥ പോററും നാരിയല്ല ഞാൻ.
കുണ്ഠിതയായ് ശങ്കിതയായ് കമ്പിതയായ് വിഹ്വലയായ്
ക്രന്ദിതയായ് കാലം പോക്കുമബലയല്ല.
അറിയാം വേണ്ടതെന്തെന്നായ്; അതു ചൊല്ലാമവിശങ്കം:
അവിടന്നു പതിയായ് മേ വന്നിടേണമേ!

---

ങ്ങളായ കിലുങ്ങുന്ന അരഞ്ഞാണ്, കിങ്ങിണി, വള, മാല മുതലായവയിലുമാണ്. "ആയതം..." നീണ്ടു തടിച്ചു ഞാൺ തഴമ്പിയന്നതു്. "ഇന്നലെ..." പെട്ടെന്നാണ് അർജ്ജുനന്നു് ആ സംഭവം ഓർമ്മ വരുന്നതു്.

12. "ഇന്നലെ..." അങ്ങയെ കണ്ടപ്പോഴാണ് ഞാനൊരു സ്ത്രീയാണെന്നെനിക്കു് ബോദ്ധ്യമായതു്. "നിശീഥത്തിൻ..." എങ്കിലും താൻ സാധാരണ സ്ത്രീയല്ല. മൂകമായി വേദനകൾ സഹിക്കുന്നവളല്ല. ചിത്രയുടെ ബലമദം ഇനിയും



അർജ്ജുനൻ

(ബലഹരി—ചെമ്പട)

ഭൂമി ചുററി നടപ്പൂ ഞാൻ ബ്രഹ്മചര്യവ്രതനി
ഷ്ഠൻ,
ഭാമിനി, നിൻ കാന്തനാവാൻ യോഗ്യനല്ലൊട്ടും.

ചിത്രാംഗദ

(ദ്വിജാവന്തി—ചെമ്പട)

വിരൂപയെന്നോർക്കായ്കെന്നെ; പരിചര്യ ചെയ്തു
നേടും
ഭവദീയഹൃദയത്തിലവകാശം ഞാൻ,
സമരത്തിൽ സാരഥിയായ്, മൃഗയയിലനു-
ഗനായ്,
ശിബിരദ്വാരത്തിൽ രാവിൽ യാമികനായി.
ഭക്തയായി പൂജിയ്ക്കും ഞാൻ, ഭൃത്യയായി ശുശ്രൂ-
ഷിയ്ക്കും,
ആത്മരക്ഷാവ്രതത്തിൽ ഞാനാളിയായ് മേവും.
കൗതുകമാർന്നൊരു ദിനം കരുതിടും ഭവാനുള്ളിൽ:
സതിയിവളാ, രെൻ പൂർവ്വസുകൃതസത്തോ?

---

ശമിച്ചിട്ടില്ല. ഭാമിനി=സുന്ദരി. അവകാശം=ഇടം. "സമരത്തിൽ..." പുരുഷോചിതങ്ങളായ സേവനങ്ങളാണ് ചിത്രയുടെ മനസ്സിൽ മുന്നിട്ടുനില്ക്കുന്നതു്. യാമികൻ=പാറാവുകാരൻ. ആളി=വയസ്യ. "കൗതുകമാർന്നൊരു..." "ഇന്നു്" അങ്ങേയ്ക്കു് എന്നിൽ വലിയ താല്പര്യമില്ല; പക്ഷേ കുറെക്കഴിഞ്ഞാൽ അങ്ങേയ്ക്കു് എന്റെ വില മനസ്സിലാവും. അന്യഥാ നിനക്കായ്ക=നീ എന്നെ തെററിദ്ധരിക്കരുതു്. അന്യദുർല്ലഭൻ=മററു സ്ത്രീകൾക്കു് അസുലഭൻ. ഭദ്രമസ്തു തേ=നിനക്കു നന്നാവട്ടെ.

അർജ്ജുനൻ

(കാമോദരി—ചെമ്പട)

അന്യഥാ നീ നിനയ്ക്കായ്ക; കന്യയാളേ, നിനക്കുണ്ടാം
അന്യദുർല്ലഭൻ വല്ലഭൻ; ഭദ്രമസ്തു തേ!

(അർജ്ജുനൻ പോകുന്നു)

ചിത്രാംഗദ

13. (ആനന്ദഭൈരവി—ചെമ്പട)

വ്രതം പോലും! പുരുഷനു വ്രതമേതാൻ വേറെയുണ്ടോ
വധൂടി തൻ പാദപൂജാവ്രതമല്ലാതെ?
ഭഗ്നമെൻറ വിദ്യാഗർവ്വം, ഭാമിനിയ്ക്കു വെറും ഭാരം
വിദ്യയേതും പുരുഷൻറ ഹൃത്തിളക്കാൻ കഴിയായ്കിൽ.
ഊറിട്ടി ബലം ചാപജ്യാകിണാങ്കഭുജത്തേക്കാൾ
നാരി തൻ മൃണാളനാളകോമളപാണികൾക്കത്രേ.
അജ്ഞ, മുഗ്ദ്ധ, ഭയശീല, ലജ്ജയാൽ സങ്കുചിതാംഗി,
അന്യതന്ത്ര, ഖിന്നഗാത്രി,യെങ്കിലും ധന്യയാം നാരി
പേടിയാർന്ന പേട നോക്കും പോലെയൊന്നു നോ-
ക്കിയെന്നാൽ
ചേവടിയിൽ വീണിടാത്ത വീര്യമുണ്ടോ, വ്രതമുണ്ടോ?
അനംഗനാം ദേവനെ ഞാൻ തപം ചെയ്തു വരി-
ക്കുന്നേൻ
അബല തൻ ബലം രൂപം, അശസ്ത്ര തൻ നിത്യശസ്ത്രം.
നിഷ്ഫലമാവില്ലെൻ കാമം; നിശ്ചയത്തിൻ കരുത്താർന്ന
വജ്രതുല്യസാരയായ ചിത്രാംഗദയാണല്ലോ ഞാൻ.

---

13. വധൂടി=സ്ത്രീ. ചാപജ്യാകിണാങ്കഭുജം=വില്ലിൻറ ഞാൺതഴമ്പിയന്ന കൈ. മുഗ്ദ്ധ=ആചാരങ്ങളറിയാത്തവൾ. സങ്കുചിതാംഗി=ചൂളിപ്പിടിച്ചു നില്ക്കുന്നവൾ. അന്യതന്ത്ര=പരാധീന. അശസ്ത്ര=നിരായുധ. വജ്രതുല്യസാര=വജ്രത്തെപ്പോലെ കരുത്തുറ്റവൾ. ചിത്രയുടെ അഹങ്കാരം ഇപ്പോഴും ശമിച്ചിട്ടില്ല.

# രംഗം മൂന്ന്

(ശ്ലോകം—കാനക്കുറിഞ്ഞി)

14.

ശതമഖസുതധൈര്യോന്മാഥിയാം സൌകുമാര്യം
സ്വതനുവിലളവായീടേണമെന്നിച്ഛയോടെ
മദനനെയവളാരാധിയ്ക്കവേ, മിത്രമാകും
മധുവൊടു മലരമ്പൻ പോന്നു തന്മുന്നിൽ വന്നു.

(ധ്യാനലീനയായ ചിത്രാംഗദയുടെ മുമ്പിൽ മദനനും വസന്തനും പ്രത്യക്ഷപ്പെടുന്നു)

ചിത്രാംഗദ

(കാനക്കുറിഞ്ഞി—ചെമ്പട)

15

അരികിൽ വന്നവർ നിങ്ങളാരെന്നു പറഞ്ഞാലും;
അമരന്മാരെന്നു തന്നെയമലകാന്തി കൊണ്ടു മന്യേ.

കാമദേവൻ

(മോഹനം—ചെമ്പട)

പരമേഷ്ഠിഹൃദന്തത്തിൽപ്പിറന്ന പുഷ്പബാണൻ
ഞാൻ;
തരുണരെ വിരഹത്തിൻ നോവിൽ ഞാൻ കോർത്തി-
ണക്കുന്നു.

---

14. "ശതമഖ..." ഇന്ദ്രപുത്രനായ അർജ്ജുനൻറ കരളുറപ്പ് തകർക്കുന്ന സൌന്ദര്യം. മധു=വസന്തൻ.
15. മന്യേ=ഞാൻ ഊഹിക്കുന്നു. പരമേഷ്ഠി=ബ്രഹ്മാവ്. "തരുണരെ..." വിരഹവേദനയാകുന്ന ചരടിൽ യുവതീയുവാക്കളെ ഞാൻ കോർത്തു കെട്ടുന്നു.

വസന്തൻ

(മധ്യമാവതി—ചെമ്പട)

മൃതിയെന്നും ജരയെന്നും രണ്ടു രക്ഷസ്സുകളെന്നും
ക്ഷിതിയെയാക്രമിച്ചസ്ഥിശേഷയാക്കാനുഴറുന്നു.
അവരോടു പട വെട്ടിയനന്തയൌവനം ഭുവി-
നരുളുന്ന വസന്തൻ ഞാൻ ഋതുരാജൻ സ്മരമിത്രം.

ചിത്രാംഗദ

(കാനക്കുറിഞ്ഞി—ചെമ്പട)

16.
അമരദർശനത്തിനാലിച്ചരണദാസി ധന്യയായി;
അലിവു വേണമെന്നിൽ; ഹൃത്തിന്നഴലറിഞ്ഞീടു-
ന്നോർ നിങ്ങൾ.
ചന്ദ്രവംശമൌലി പാർത്ഥൻ സുന്ദരൻ വല്ലഭനായി
വന്നിടുവാൻ വരം നിങ്ങൾ തന്നിടേണം ദേവന്മാരേ!
അനന്തമാം വസന്തമെൻ യൌവനത്തിൽ വിടരാവൂ,
അപൂർവ്വാകർഷണമെൻറയുടലിൽ മുററി നിന്നാവൂ!
വിരിഞ്ചി നൽകിയ ശാപം വൈരൂപ്യമിതു നീക്കി
വരേണ്യമംഗലാവണ്യമൊരു നാളേയ്ക്കേകിയാലും!

---

മൃതി=മരണം. ജര=വാർദ്ധക്യം കൊണ്ടുണ്ടാകുന്ന അപചയം. രക്ഷസ്സുകൾ=രാക്ഷസന്മാർ.

16. അമരദർശനം=ദേവന്മാരെ കാണൽ. ചരണദാസി=പാദദാസി. "അനന്തമാം..." എൻറ യൌവനത്തിൽ ശാശ്വതമായ വസന്തം വിടർന്നു വരട്ടെ. അപൂർവ്വാകർഷണം=മുമ്പുണ്ടാവാത്ത വശീകരണശക്തി. വിരിഞ്ചി=ബ്രഹ്മാവ്. വരേണ്യം=സ്പൃഹണീയം. ഒരു നാളേയ്ക്ക്=ഒററ ദിവസത്തേയ്ക്ക്.



കാമദേവൻ

(മോഹനം—ചെമ്പട)

17.
അരവിന്ദാക്ഷി, ഞാൻ നിനക്കവലംബ,മറിഞ്ഞാലും;
വിജയനിപ്പോഴേ നിന്നാൽ വിജിതനെന്നുറച്ചാലും;
ശിക്ഷയോ രക്ഷയോ യുക്തമോർത്തു നീ ചെയ്തു കൊ-
ണ്ടാലും;
ഇച്ഛ പോൽ നീയർജ്ജുനനെ രാജ്ഞിയായിഭരി-
ച്ചാലും.

വസന്തൻ

(മധ്യമാവതി—ചെമ്പട)

ഒരു നാളല്ലൊരു കൊല്ലം മുഴുവൻ നിൻ ശരീരത്തിൽ
മധുമാസപുഷ്പഭംഗി വിടർന്നു കാന്തി ചിന്തട്ടെ!

---

17. "വിജയനിപ്പോഴേ..." അർജ്ജുനനെ നീ ഇപ്പോൾ തന്നെ കീഴടക്കിക്കഴിഞ്ഞു. ഇനി നീ അർജ്ജുനനാകുന്ന രാജ്യത്തെ രാജ്ഞിയായി ഭരിയ്ക്കുക; ശിക്ഷിയ്ക്കുകയോ രക്ഷിയ്ക്കുകയോ ചെയ്യുക. "ഒരു നാളല്ലൊരു..." ചിത്രാംഗദ് ചോദിച്ചതു് ഒരു ദിവസത്തേയ്ക്ക് അർജ്ജുനനെ വശീകരിയ്ക്കാനുള്ള സൌന്ദര്യമാണ്. വസന്തൻ അവൾക്ക് ആ വരം ഒരു കൊല്ലത്തേയ്ക്കു മുഴുവനായി നൽകുന്നു.

# രംഗം നാല്

(ദണ്ഡകം)

18.

ചിത്രാംഗദയ്ക്കു വരമിത്ഥം കൊടുത്തു മധു-
മിത്രൻ മറഞ്ഞു നളിനാസ്ത്രൻ;
സമധിഗതകാമാ സപദി നൃപരാമാ
നവസുഷമ തന്നുടലിൽ നിറയുവതു കാണ്മതിന്നു
വിജനമൊരു വന്യനദിയാർന്നാൾ.
തെളിനീരിലബ്ജരുചിമിളിതം നിജം വദന-
മളകാളികാന്തമവൾ കണ്ടു;
കരകിസലയത്താൽ കചഭരമഴിച്ചു;
മുദിരമദഭിദുരമതിമസൃണസുമപരിമളിത-
മതു തറയിലിരുളലകം ചേർത്തു.
ഹേമാഞ്ചിതം മൃദുലമംസാലണിപ്പുടവ
രോമാഞ്ചിതാ സുതനു നീക്കി;
ഉന്മിഷിതഹർഷാ പ്രോന്മഥിതലജ്ജാ
കനകഘനകലശനിഭമനഘകുചയുഗളതട-
മവൾ വിരലിൽ വെപ്പോടു തലോടി.

18. മധുമിത്രൻ—വസന്തമാകുന്ന സുഹൃത്തോടു കൂടിയവൻ. സമധിഗതകാമാ—ആഗ്രഹം സാധിച്ചവൾ. നൃപരാമാ—രാജസുന്ദരി. അബ്ജരുചിമിളിതം—താമരപ്പൂവിന്റെ ശോഭയോടു കൂടിയതു്. അളകാളികാന്തം—വണ്ടുകൾ പോലെയുള്ള അളകങ്ങളാൽ മനോഹരം. മുദിരമദഭിദുരം—മേഘങ്ങളുടെ ഗർവ്വു തകർക്കുന്നതു്. അതിമസൃണസുമപരിമളിതം—ഏററവും മിനുത്തതും പൂക്കളാൽ



നീരേ നിജാംഗരുചി നേരേ നുകർന്നു പുലർ-
കാലേ സരോജകലി പോലേ
നിന്നിമിഷ നിന്നു, തൻ നില മറന്നു;
അരുണാഭമായ് വദന; മഴലാൽപ്പൊട്ടുന്നെയ-
തിരുളാൻ; വീർത്തവൾ വിറച്ചു.

സൌരഭ്യമിയന്നതും. ഇരുളലകം—ഇരുട്ടിന്റെ തിരമാലകൾ. ഹേമാഞ്ചിതം—പൊൻകസവുള്ളതു്. അംസാൽ—തോളിൽ നിന്നു്. രോമാഞ്ചിതാ—രോമാഞ്ചത്തോടു കൂടിയവൾ. സുതനു—സുന്ദരി. ഉന്മിഷിതഹർഷാ—ഉണർന്നു വരുന്ന സന്തോഷത്തോടു കൂടിയവൾ. പ്രോന്മഥിതലജ്ജാ—അമർത്തപ്പെട്ട ലജ്ജയോടു കൂടിയവൾ. കനകഘനകലശനിഭം—സ്വർണ്ണം കൊണ്ടുള്ള ഇടതൂർന്ന കുടങ്ങൾ പോലെയുള്ളതു്. അനഘകുചയുഗളതടം—നിർദ്ദോഷങ്ങളായ രണ്ടു സ്തനങ്ങളുടെ പ്രാന്തപ്രദേശം. "വിരലിൽ വെപ്പോടു"...അവൾക്കു തന്നെ അതു പാരവശ്യമുളവാക്കി. നീരേ—വെള്ളത്തിൽ. സരോജകലി—താമരമൊട്ടു്. നിന്നിമിഷ—കണ്ണിമയ്ക്കാത്തവൾ. "അഴലാൽപ്പൊട്ടുന്നെ"...തന്റെ കൃത്രിമവും നശ്വരവുമായ സൌന്ദര്യമാണല്ലോ അർജ്ജുനനെ വശീകരിക്കാൻ പോകുന്നതു് എന്ന വിചാരം ഇവിടം മുതൽ അവളിൽ ഒരു വിഷാദമായ കലർന്നുതുടങ്ങുന്നു. അവളെ സംബന്ധിച്ചിടത്തോളം ഈ വിജയം ഒരു പരാജയം മാത്രമാണു്. വീർത്തു്—നെടുവീർപ്പിട്ടു്.

## രംഗം അഞ്ച്

(ശ്ലോകം—ഭൈരവി)

19

ചിന്നിത്തേന്മഴ, പൂക്കൾ പൊട്ടി വിടരും
കാടിൻ നികുഞ്ജങ്ങളിൽ-
ത്തെന്നൽത്തെല്ലു തലോട്ട മാൺകയിലുണ്ണ-
ന്മത്തമായ്ക്കൂകവേ,
ഉന്നിദ്രോത്സുകഭാവനിന്ദ്രതനയൻ
മേവുന്ന ദേവാലയം
തന്നിൽച്ചന്ദ്രകലാധരാർച്ചനമിഷാൽ-
ച്ചെന്നെത്തി ചിത്രാംഗദ.

(ലളിതാരൂപിണിയായ് ചിത്രാംഗദ പൂജോപ-
കരണങ്ങളേന്തി അർജ്ജുനന്റെ മുമ്പിലേയ്ക്കു വ
രുന്നു)

---

19. ഉന്നിദ്രോത്സുകഭാവൻ- വസന്താഗമത്തിൽ എന്തെന്നു വ്യക്തമായി പറയാൻ കഴിയാത്ത ചില ഔത്സുക്യങ്ങൾ ഉള്ളിലുണ്ടെന്നവൻ. ചന്ദ്രകലാധരാർച്ചനമിഷാൽ = ശിവപൂജയ്ക്കെന്ന വ്യാജേന.



അർജ്ജുനൻ

(ഭൈരവി-ചെമ്പട)

20.

അഭയമഭയം നിനക്കന്നനേർനടയാളേ!
ആതുരക്ക് മനക്കാമ്പിൽ ഭീതി നീക്കും ക്ഷത്രിയൻ ഞാൻ.

ചിത്രാംഗദ

(നീലാംബരി-ചെമ്പട)

അതിഥേ, സ്വാഗത, മെന്റെ യാശ്രമമിശ്ശിവ ക്ഷേത്രം;
അങ്ങയെസ്സല്ക്കരിക്കേണ്ടതെങ്ങിനെയെന്നറിവീല.

അർജ്ജുനൻ

(ഭൈരവി-ചെമ്പട)

മധുരദർശനേ, നിന്റെ വചനമേ സൽക്കാരം മേ;
കുതുകമുള്ളിലേറുന്നു കഥയ കോകിലാലാപേ!
എന്തു സിദ്ധി നേടുവാനോ ബന്ധുരമിത്താരുണ്യം നീ
വൻ തപത്താൽ വാട്ടി വാഴ്വൂ വിജനമീ വനാന്തത്തിൽ?
ലോകകാമ്യേ, നിനക്കൊരു കാമമെന്തെന്നുരച്ചാലും;
മോഹമതു നേടാൻ തവ സാഹായ്യം ഞാൻ ചെയ്തീ-
ടുവൻ.

---

20. അഭയം=തന്നെ പെട്ടെന്നു കണ്ടു് ചിത്ര നടുങ്ങിയതായി അർജ്ജുനൻ കരുതുന്നു. "അതിഥേ..."ഈ ക്ഷേത്രം എന്റെ ആശ്രമമാണു്, അതിനാൽ അങ്ങ് എന്റെ അതിഥിയാണു്, ആതിഥ്യത്തിനുള്ള വിഭവങ്ങൾ എന്റെ കൈയിൽ ഇല്ലാത്തതിൽ ഖേദിക്കുന്നു. "നിന്റെ വചനമേ..."നിന്റെവാക്കു തന്നെ എനിക്കു് ശരിയായ സൽക്കാരമായി. ലോകകാമ്യ=ലോകത്തിലു

ചിത്രാംഗദ

(നീലാംബരി-ചെമ്പട)

ത്രിഭുവനപ്രഥിതനാം പ്രഭുവൊരു സുന്ദരനെൻ
പതിയായി വരുവാനീ വ്രതം ഞാനാചരിയ്ക്കുന്നു.

അർജ്ജുനൻ

(ഭൈരവി-ചെമ്പട)

മിഥ്യ മാത്രമാകാം പ്രഥ; മാഞ്ഞു പോകാം പുക
പോലെ;
മുഗ്ദ്ധേ, നീയതിന്നായ് മൂല്യമത്രയൊന്നും നൽകീ-
ടാല്ല;
അമരകാംക്ഷിതയാം നീയാരെയോ കാംക്ഷിച്ചീ-
ടുന്നു,
അതിമാത്രയശോധനനവന്റെ പേർ പറഞ്ഞാലും.

ചിത്രാംഗദ

(നീലാംബരി-ചെമ്പട)

കുരുവംശപ്രസൂതനത്തരുണകേസരി തന്റെ
മധുരമാം നാമമേതു മനുജനിന്നറിവീല?

---

ദ്ധ എല്ലാവരും അഭിലഷിയ്ക്കുന്നവൾ. ത്രിഭുവനപ്രഥിതൻ=മൂന്നു ലോകങ്ങളിലും കീർത്തി കേട്ടവൻ. "മിഥ്യ..." കീർത്തി വെറും അസത്യമാകാം; അതു പുക പോലെ മാഞ്ഞു പോകാം. അതിനാൽ കീർത്തിക്ക് നീ അതിരു കവിഞ്ഞ വില നൽകരുത്. (ചിത്രാംഗദയുടെ ഹൃദയം വേറെ ആരിലോ ആണെന്ന് അർജ്ജുനൻ വിശ്വസിക്കുന്നു. അവളെ കണ്ടതോടെ അദ്ദേഹം മയങ്ങിക്കഴിഞ്ഞു.) അതിമാത്രയശോധനൻ=അത്യന്തകീർത്തിമാൻ. "കുരുവംശ..."അർജ്ജുനന് ആശ നൽകുകയാണ് ചിത്ര.



അർജ്ജുനൻ

(ഭൈരവി—ചെമ്പട)

അരുണാധരീ, നീ സ്വയമവന്റെ പേരോതി-
ക്കേൾക്കാൻ
അമിതാഭിലാഷമെനിയ്ക്കാനനനിർജ്ജിത-
ചന്ദ്രേ!

ചിത്രാംഗദ

(നീലാംബരി—ചെമ്പട)

അന്യരിൽ നിന്നൊളിച്ചു ഞാനെൻ കുമാരീ-
ഹൃദന്തത്തിൽ
അർജ്ജുനനെന്ന പേരൊരു വജ്റരത്നം പോൽ
സൂക്ഷിച്ചു.
വിജയനെപ്പോലൊരു വേറെ? വിറയെന്തി-
ന്നായി തവ?
വെടിയണോ ഞാനീ മോഹം? വെറും മിഥ്യയോ
ആ കീർത്തി?

---

"അരുണാധരീ.."ആ ഭംഗിയേറിയ ചുണ്ടുകൾ കൊണ്ട് ആ പേർ പറയുക! അർജ്ജുനന് ആശ തോന്നിത്തുടങ്ങി. കുമാരീഹൃദന്തം=അനൂഢയായ എന്റെ വിശുദ്ധമായ ഹൃദയം. "വിറയെന്തിന്നായി..."വിജയനെന്ന പേർ കേട്ടതോടെ അർജ്ജുനൻ വികാരവൈവശ്യത്താൽ വിറച്ചു തുടങ്ങിയിരിക്കുന്നു. അർജ്ജുനന്റെ ഈ ഭാവഭേദം തന്റെ ആഗ്രഹത്തിന്റെ അനൌചിത്യം മൂലമാണെന്ന് ചിത്ര വ്യാഖ്യാനിക്കുന്നു. വെറും മിഥ്യയോ=അർജ്ജുനന്റെ കീർത്തിക്ക് ഒരടിസ്ഥാനവുമില്ലേ? ഹൃതസ്വ

അർജ്ജുനൻ

(ഭൈരവി—ചെമ്പട)

നളിനനേത്രേ, വിജയനവൻ നിരുപമഭാഗ്യവാൻ,
നിന്റെ
ചരണപല്ലവത്തിലിതാ ശരണാർത്ഥിയായ്
വന്നിപ്പൂ.
സത്യമാകാമാ പ്രശസ്തി, മിഥ്യയാകാം;
എന്തായാലും
ഏതിൽ നിന്നു പുറത്താക്കി ഏതസ്വർഗ്ഗ-
നാക്കായ്യെന്നെ!

ചിത്രാംഗദ

നീലാംബരി—ചെമ്പട)

ദേവരാജപുത്രൻ, സാക്ഷാൽദ്ദേവകീനന്ദനമിത്രം
ഭുവിജേതാവർജ്ജുനനോ മേവിടുന്നു മമ മുന്നിൽ?

അർജ്ജുനൻ

(ഭൈരവി—ചെമ്പട)

കാമിനീമണേ, നിൻമുന്നിൽ പ്രേമഭിക്ഷയിരക്കുന്ന
നാകരാജനന്ദനനിൽ നീ കനിവ് കലർന്നാലും!

ചിത്രാംഗദ

നീലാംബരി—ചെമ്പട)

തീർത്ഥമാടി നടക്കുന്ന പാർത്ഥനിപ്പോളെന്നു
കേട്ടേൻ;
യുക്തമാമോ വർണ്ണിയ്ക്കോർത്താൽ
മത്തകാശി നീയിൽ പ്രേമം?

---

ഗ്ഗൻ=സ്വർഗ്ഗത്തിൽ നിന്നു ബഹിഷ്കൃതൻ. മത്തകാശിനി=സുന്ദരി. "എന്നെയാരെന്നോർത്താ..." തന്നെ അർജ്ജുനൻ മുമ്പു കണ്ട ഘട്ടങ്ങൾ അനുസ്മരിപ്പിയ്ക്കുന്നു.



അർജ്ജുനൻ

(ഭൈരവി—ചെമ്പട)

ഇരവിന്റെ യോഗനിദ്ര നിറതിങ്കളുദിപ്പോളം;
വിജയന്റെ വ്രതം പത്മവദനേ,
നിന്നേക്കാണുമോളം.

ചിത്രാംഗദ

(നീലാംബരി—ചെമ്പട)

എന്നെയാരെന്നോർത്താണങ്ങീസ്സത്യഭംഗം
ചെയ്യീടുന്നു?
ഇന്നറിഞ്ഞേൻ മിഥ്യ തന്നെയങ്ങേ
തൻ വീര്യവും പേരും
സത്യപാശം വിച്ഛേദിപ്പൂ സവ്യസാചി;
എന്തിന്നെന്നോ?.
പത്മപത്രം പോലെ നീണ്ടു കാണുമിക്കണ്ണു-
കൾക്കായി;
കുന്ദമാലയൊത്തിടുമിക്കൈയ്യുകൾക്കായ്;
ഇതോ പ്രേമം?
ഹന്ത, പുരുഷൻ നാരിക്കു നൽകിടേണ്ടും
പൂജയിതോ?
അസ്ഥിരമീ ഛദ്മവേഷം; ഇതിന്നായ്
കൈവെടിയൊല്ലേ
സത്യവും വീര്യവും പേരും വ്രതവും ധർമ്മവും
എല്ലാം.

---

"ഹന്ത പുരുഷൻ..." യഥാർത്ഥപ്രേമം ഈ ശാരീരികാകർഷണമല്ല. "അസ്ഥിരം..." ഈ മായാവേഷം ഒരു വർഷ

അർജ്ജുനൻ

(ഭൈരവി—ചെമ്പട)

മിഥ്യയിന്നു സത്യം വീര്യം കീർത്തി ധർമ്മം
വ്രതം- എല്ലാം;
സത്യം നീയേ, ധർമ്മം നീയേ, പൂർണ്ണമാം
പുണ്യവും നീയേ!
അന്ധകാരാബ്ധിമദ്ധ്യത്തിലാദികല്പപ്രഭാതത്തിൽ
ചിന്മയദീപ്തിയിൽബ്ഭവ്യസൃഷ്ടിപങ്കേരുഹം
പോലേ
നിൻ തനുകാന്തിയിലെന്റെ അന്തരംഗം വിടരുന്നു;
നിൻ മുഖത്തിൽസ്സാക്ഷാൽ മുക്തിയെന്നെ മാടി
വിളിക്കുന്നു.

ചിത്രാംഗദ

(നീലാംബരി—ചെമ്പട)

സത്യമോതാ, മൊരു ദിവ്യമിഥ്യ ഞാൻ;
ഇക്കാണ്മതല്ല;
സത്വരമീ വഞ്ചനയെ വിട്ടകലെഗ്ഗമിച്ചാലും!

---

തേജസ്സു ഉള്ളുവല്ലോ. "അന്ധകാരാബ്ധി..." സൃഷ്ടി ആരംഭിച്ച ആദിയുഗത്തിലെ പുലരിയിൽ, ചൈതന്യപ്രകാശമേററ് ഇരുട്ടിൽ നിന്ന് പ്രപഞ്ചമാകുന്ന താമര വിടന്നുയരുകയുണ്ടായി. അതു പോലെ നിന്റെ ദേഹകാന്തിയേററ് എന്റെ ഹൃദയം വിടരുന്നു; എന്റെ മോക്ഷം നിന്റെ മുഖത്താണ്. ദിവ്യമിഥ്യ=ദേവാനുഗ്രഹം കൊണ്ടുണ്ടായ വഞ്ചന.



(അർജ്ജുനന്ന് ആടാൻ മൂന്നു പദ്യങ്ങൾ)

21.
മദ്ധ്യാഹ്നത്തിലൊരിക്കൽ ഞാൻ മൃഗയുവായ്
ഏകാകിയായ് ശ്രാന്തനായ്
ഉൾത്താപത്തോടു തപ്തശുഷ്കഗളനായ്-
കൈലാസമെത്തീടിനേൻ.
മത്തസ്വർണ്ണമരാളകേളീമുഖരം
സപ്തർഷിസന്ധ്യാർച്ചനാ—
തീർത്ഥം മാനസമാർന്നു പുഷ്പശബളം
ദാഹം കെടുത്തീടിനേൻ.

22.
അസ്ഥാഗാധജലാശയക്കരയിൽ ഞാൻ
ദേവദ്രുമൂലത്തിൽ വാ-
ണീക്ഷിച്ചേനതലം സരോവരമതിൻ
കല്ലോലഹല്ലോഹലം

---

21. പണ്ടു തനിക്കുണ്ടായ ഒരനുഭവം അർജ്ജുനൻ അനുസ്മരിക്കുന്നു. മൃഗയു=നായാട്ടുന്നവൻ. തപ്തശുഷ്കഗളൻ=ദാഹം കൊണ്ടു തൊണ്ട വരണ്ടവൻ. മത്തസ്വർണ്ണമരാളകേളീമുഖരം=മദിച്ച സ്വർണ്ണഹംസങ്ങളുടെ ക്രീഡാരവങ്ങൾ കൊണ്ടു മുഴങ്ങുന്നതു്. "സപ്തർഷി.." സപ്തർഷികളുടെ സന്ധ്യാവന്ദനം കൊണ്ടു പരിശുദ്ധമായതു്. മാനസം=മാനസസരസ്സ്. പുഷ്പശബളം=പൂക്കളെക്കൊണ്ടു നാനാവർണ്ണങ്ങളിയന്നതു്.

22. ദാഹം തീർത്ത ശേഷം അർജ്ജുനൻ ഒരു ദേവദാരുവിന്റെ കീഴിൽ മാനസസരസ്സിന്റെ വക്കത്തു തന്നെ കിടന്നു. കല്ലോലഹല്ലോഹലം=തിരമാലകളുടെ

ഉച്ചണ്ഡാർക്കകരങ്ങളൊത്തു കനകാം-
ഭോജന്മകാണ്ഡങ്ങളു-
ങ്ങദ്യോതിച്ചു പരാഗമഗ്നാളിജഗീ-
ലീലാഭ്രമം ചേർത്തു മേ.

23

അന്നോർത്തേൻ, ജനിഖിന്നകർമ്മനിചയ-
ക്ലാന്തർക്കു മർത്ത്യർക്കിനൻ
നന്നായ്ശ്ശാശ്വതശാന്തിശീതമൃതിയെ-
ച്ചൂണ്ടിത്തരുന്നെന്നു ഞാൻ;

---

വിലാസം. "ഉച്ചണ്ഡാർക്ക..." ചൂടേറിയ സൂര്യന്റെ രശ്മികളും സ്വർണ്ണത്താമരത്തണ്ടുകളും ചേർന്ന്, ഇളകുന്ന തിരമാലകൾക്കിടയിലൂടെ എണ്ണമററ അഗ്നിസർപ്പങ്ങൾ നീന്തുകയാണോ എന്ന ഭ്രമം അദ്ദേഹത്തിലുളവാക്കി.

23. "ജനിഖിന്ന..." ജനനം കൊണ്ടു് വിഷാദിച്ചവരും കർമ്മങ്ങളുടെ സമൂഹങ്ങൾ കൊണ്ടു തളർന്നവരുമായ (സംസാരദുഃഖത്താൽ ക്ലേശിക്കുന്ന) ജനങ്ങൾക്കു്, ഇനൻ=സൂര്യൻ. "ശാശ്വതശാന്തിശീത........." നിത്യമായ ശാന്തിയുടെ തണുപ്പുള്ള മരണമാണു് സംസാരദുഃഖത്തിൽനിന്നുള്ള മോചനം എന്നു്, സൂര്യൻ മാനസസരസ്സിന്റെ അഗാധതയിലേയ്ക്കു മുങ്ങി, ശാന്തനായ തനിയ്ക്കു കാണിച്ചുതരുന്നതായി അന്നു് അർജ്ജു



ഇന്നീ നിന്നുടലിന്നലോകസുഷമാ-
സ്രോതസ്സിൽ ഞാൻ കാണ്കയാ-
ണന്നീക്ഷിച്ചൊരു ശാന്തി, സംസൃതിപഥ-
ശ്രാന്തൈക നിർവ്വാപണം.

---

നനു തോന്നി. "ഇന്നീ നിന്നു..." ഇന്നു് നിന്റെ ശരീരത്തിന്റെ ലോകാതീതമായ സൌന്ദര്യപ്രവാഹത്തിൽ ഞാൻ കാണുന്നതു്, സംസാരമാർഗ്ഗത്തിലൂടെ നടന്നു ക്ഷീണിച്ചവർക്കു് തൃപ്തിയരുളുന്ന, അന്നു കണ്ട ആ ശാന്തി തന്നെയാണു്. തന്റെ ജീവിതക്ലേശങ്ങളെല്ലാം അവളുടെ സൌന്ദര്യത്തിൽ ലയിച്ചു് ഇല്ലാതെയാവും; അതോടെ തന്റെ വ്യതിരിക്തമായ സത്ത തന്നെ അവസാനിച്ചു് മൃതിതുല്യമായ ഒരു ശാന്തിയിൽ താൻ വിലയിയ്ക്കും എന്നു് അർജ്ജുനൻ വിചാരിയ്ക്കുന്നു. ഭാവത്തിന്റെ പരകോടിയ്ക്കു് അഭാവത്തിന്റെ സ്വഭാവം വരാം; സൌഖ്യത്തിന്റെ ചരമപ്രകർഷം ശൂന്യതയാവാം—ആരറിഞ്ഞു!

---

# രംഗം ആറ്

(ശ്ലോകം—കല്യാണി)

24.

തെന്നലാം മണിരഥത്തിലേറി മുഴ-
                    തിങ്കളാം കുട പിടിച്ചു നൽ-
കന്നലാം ചിലയിൽ മുളിടുന്നൊരളി-
                    ഞാണിണക്കിയുലകൊക്കെയും
തന്നടിയ്ക്കടിയിലാക്കുമാറലർ-
                    ശരങ്ങൾ തൂകി മധുരസ്മിതൻ
വന്നു ചിത്രയുടെ മുന്നിൽ നിന്നു മധു-
                    സംയുതൻ മദനനോതിനാൻ.

(ചിത്രാംഗദ, കാമദേവൻ, വസന്തൻ)

കാമദേവൻ

(കല്യാണി—ചെമ്പട)

25.

മത്തകാശിനി, നിൻ കാൽക്കൽ പാർത്ഥനെ-
                    ക്കമ്പിടുവിയ്ക്കാൻ
അസ്ത്രമെത്രയെത്രയെയ്തേൻ! അവ ഫലിച്ചുവോ?
                    ചൊൽക.

---

24. തെന്നൽ=തെക്കൻകാററ്. കന്നൽ=കരിമ്പ്. ചില=വില്ല്. അളി=വണ്ട്. മധുസംയുതൻ=വസന്തനോടു കൂടിയവൻ. 25. മത്തകാശിനി=സുന്ദരി. 26. മീനകേതനൻ=മത്സ്യം കൊടിയടയാളമായവൻ (കാമൻ)



ഹാസമൊന്നി, ലശ്രുവൊന്നിൽ, ത്രാസമൊന്നി,-
                    ലീർഷ്യയൊന്നിൽ,
ആശ, ദൈന്യം, മദം, നാണം, വിരഹം,
                    മേളനമൊന്നിൽ.
എത്രയും വൈഭവം വാച്ചതോർക്കിലെൻ
                    പഞ്ചബാണങ്ങൾ;
ഇത്രിലോകത്തിലവയെ നേർത്തു നില്ക്കാ-
                    നാരിന്നുള്ളൂ?

ചിത്രാംഗദ

(നവരസം—ചെമ്പട)

26.

മീനകേതന ദേവ, മാധവ ഋതുരാജ,
ഞാനിതാ നമിച്ചീടുന്നു സാദരം
ഏതൊരഗ്നിവലയത്തിലെന്നെ നിങ്ങൾ
                    നിർത്തീടുന്നു?
ഹാ, ദഹിക്കുകയാണെൻെറ ദേഹവും
                    ഹൃത്തുമാത്മാവും.
ഞാൻ കൊതിച്ച നാകലോകമെൻ കരത്തിൽ
                    വന്നു ചേർന്ന
നേരമല്ലോ, നൈരാശ്യത്താൽ നീറുകയാണെൻ
                    ഹൃദന്തം.

---

അഗ്നിവലയം=തീ കൊണ്ടുള്ള വളയം. നാകലോകം=സ്വർഗ്ഗം. ചിത്ര കൊതിച്ചതു കിട്ടി; അർജ്ജുനൻ അവളിൽ മയങ്ങി. പക്ഷെ അപ്പോഴാണ് തൻെറ നേട്ടം

കൃത്രിമമെൻ ബാഹ്യരൂപം മാത്രമേ
പാർത്ഥനു വേണ്ടൂ;
കഷ്ടമെന്തു പാപശക്തി! വേണ്ടെനിയ്ക്കീ വരം,
ശാപം.
ഹന്ത, ഞാൻ താനെൻ സപത്നിയെന്നു വന്നു
നിർഭാഗ്യത്താൽ;
എന്നുമെൻ കൈയാലവളെ ഞാനണി-
യിച്ചയക്കേണം.
എന്നനുകനവൾക്കേകും ലാളനങ്ങൾ കണ്ടു കണ്ടു
നിന്നിടേണം ഞാനവൾ തൻ കേളീശയ്യാന്തി
കത്തിങ്കൽ.
നിങ്ങൾ തന്ന വരം രൂപമെന്നിൽ നിന്നു-
മെടുത്താലും;
വിങ്ങലിതു നീങ്ങിടട്ടെ; വീണ്ടുമീ
ഞാൻ ഞാനാവട്ടെ.

---

യഥാർത്ഥത്തിൽ നഷ്ടമാണെന്നവളറിഞ്ഞതു്. ബാഹ്യരൂപം=പുറമേയുള്ള സൌന്ദര്യം. വരം ശാപം=വരമല്ല, ഈ സൌന്ദര്യം യഥാർത്ഥത്തിൽ ശാപമാണ്. "ഹന്ത..." ഞാൻ തന്നെ എന്റെ സപത്നിയായിരിക്കുന്നു. യഥാർത്ഥത്തിലുള്ള ഞാൻ സപത്നിയായ ഈ സൌന്ദര്യമൂർത്തിയെ അണിയിച്ച് അർജ്ജുനന്റെ അടുത്തയയ്ക്കുകയും, എന്റെ കാമുകൻ അവളെ ലാളിയ്ക്കുന്നതു കണ്ടുകൊണ്ട് അവളുടെ ക്രീഡാശയ്യയ്ക്കരികെ നില്ക്കുകയും ചെയ്യണമെന്നു വന്നിരിക്കുന്നു. ഇതിൽ പരം സങ്കടം ഒരു സ്ത്രീയ്ക്കു വേറെ എന്താണ്?



വസന്തൻ

(ബലഹരി—ചെമ്പട)

27.

പൂവുതിർന്ന ശേഷമത്രേ കായ് പിടിക്കും
ലതയിന്മേൽ;
ലാവണ്യമിതു വാടുമ്പോൾ സാഫല്യം
നിൻ സ്ത്രൈണം നേടും.
അന്നു നിൻ നവ്യസൗഭാഗ്യം നന്ദിച്ചു കൊണ്ടാടും
പാർത്ഥൻ;
ഇന്നു നീ തിരിച്ചു പോക നിന്റെ യൌവനോ-
ത്സവത്തിൽ.

---

27. "പൂവു..." ഈ സൌന്ദര്യം പോകുന്നതോടെ നിന്റെ സ്ത്രീത്വം സഫലമാകും; നിന്റെ യഥാർത്ഥമായ സ്വരൂപം അർജ്ജുനൻ കാണും. അദ്ദേഹത്തിനു നിന്നിൽ അനുരാഗവുമുണ്ടാകും. ഇന്നു് നീ വീണ്ടും ആഹ്ലാദങ്ങളിൽ മുഴുകുക. സ്ത്രൈണം=സ്ത്രീത്വം.

---

## രംഗം ഏഴ്

(ശ്ലോകം—തോടി)

28.

ഝില്ലീഝംകൃതിലീനയാം നിശ സുഖ-
സ്വപ്നത്തിലാഴ്ന്നീടവേ,
ചന്ദ്രൻ സ്വച്ഛസരോജലത്തിൽ നിഴലി-
ച്ചസ്പന്ദനായ് നിൽക്കവേ,
വൃക്ഷച്ചോട്ടിലദാന്തഗന്ധസുമന-
സ്തല്പത്തിൽ വാഴുന്നൊരാ
മഞ്ജുളാളെയണഞ്ഞു പുൽകി വിജയൻ
സാകൂതമോതീടിനാൻ.

(അർജ്ജുനനും ചിത്രാംഗദയും)

---

28. "ഝില്ലീ..." ചീവീടുകളുടെ ഝംകാരത്തിൽ ലയിച്ച രാത്രി സുഖനിദ്രയിൽ മുഴുകി; തെളിഞ്ഞ പൊയ്കയിലെ നീരിൽ നിഴലിച്ച ചന്ദ്രൻ ഇളകാതെ നിന്നു. ആ സമയത്ത്, പൊയ്കവക്കിലെ മരച്ചുവട്ടിൽ, അടങ്ങാത്ത ഗന്ധത്തോടു കൂടിയ പൂക്കൾ കൊണ്ടുണ്ടാക്കിയ കിടക്കയിലിരിക്കുന്ന ആ സുന്ദരിയെ ചെന്ന് ആശ്ലേഷിച്ച് അർജ്ജുനൻ അഭിപ്രായഗർഭങ്ങളായ ഈ വാക്കുകൾ പറഞ്ഞു.



അർജ്ജുനൻ

(തോടി—ചെമ്പട)

29.

പ്രണയിനി, ശൃണു മമ വാണീമയി
പത്മദളായതനയനേ!
സ്വപ്നത്തിൽ ഞാൻ നേടിയ ദുർല്ലഭ
രത്നമേ, നിൻ
ഗോത്രമേതെന്നും നിന്റെ നാമമെന്തെന്നും
ചൊൽക.
വിരഹവിഹ്വലരായ് നിൻ വരവു കാത്തിരിക്കുന്ന
പ്രിയമേറും ബാന്ധവന്മാർ പ്രേയസി, നിനക്കില്ലേ?
നിൻ ബാല്യസ്മൃതികൾ തൻ മാധുര്യം നിറഞ്ഞും
നീ വെടിഞ്ഞിരുളാർന്നും വീടൊന്നു നിനക്കില്ലേ?
ഭൂവിനോടു നിനക്കൊരു ബന്ധമില്ലെന്നോ?
ദ്യോവിൽ നിന്നുതിർന്ന സുധാബിന്ദുവോ നീ?

ചിത്രാംഗദ

(ആനന്ദഭൈരവി—ചെമ്പട)

30.

അങ്ങു കാണുന്നതു മാത്രമാണു ഞാനെന്നറി
ഞ്ഞാലും;
ഇങ്ങിതിൽ നിന്നപ്പുറത്തായൊന്നുമില്ലോതുവാൻ
നാഥാ!

---

29. ശൃണു = കേൾക്കുക. വാണീം = വാക്കിനെ. ഗോത്രം = വംശം. "ദ്യോവിൽ......" സ്വർഗ്ഗത്തിൽ നിന്ന് ഉതിർന്നു വീണ അമൃതബിന്ദുവാണോ നീ?

പരപൂർവ്വങ്ങളില്ലാ മേ; വിപിനത്തിലൊരു കോണിൽ
ഇലയും തണ്ടുമില്ലാതെ വിടർന്നു വന്ന പുഷ്പം ഞാൻ.
തളിരിൻ തൊട്ടിലിലാട്ടം, അളി തൻ പ്രേമ-സംഗീതം,
ചളിയിൽ ക്രന്ദനഹീനം പതനം, മാമകാഖ്യാനം.
പുലരിയിൽ വിറ കൊള്ളുമിലയുടെയൊരു തുമ്പിൽ
വിലസും മഞ്ഞുതുള്ളിയ്ക്കു നാമമുണ്ടോ, ധാമമുണ്ടോ?

അർജ്ജുനൻ

(തോടി—ചെമ്പട)

31.

നാമം ധാമം കുലം ദേശം, മനോദേഹങ്ങളെക്കെട്ടും
ആയിരം ബന്ധനദാമം, ഏതുമില്ല നിനക്കെന്നോ?
നിനക്കില്ലേ നാമധേയം? പ്രേമമന്ത്രമേതിനാൽ ഞാൻ
തുറക്കേണ്ടു നിൻ നിഗൂഢഹൃദയമന്ദിരദ്വാരം?

---

30. പരപൂർവ്വങ്ങൾ=ഭാവിയും ഭൂതവും. ക്രന്ദനഹീനം പതനം=വിലാപം കൂടാതെ കൊഴിഞ്ഞു വീഴൽ. മാമകാഖ്യാനം=ഇതാണു് എന്റെ കഥ. ധാമം=വീടു്.

31. ബന്ധനദാമം=കെട്ടുന്ന • കയറു്. "പ്രേമമന്ത്രം"=ഹൃദയത്തിന്റെ അടഞ്ഞ വാതിൽ തുറക്കാനുള്ള മന്ത്രമാണല്ലോ പ്രേമം.



ചിത്രാംഗദ

(ആനന്ദഭൈരവി—ചെമ്പട)

32.

അന്തിമേഘത്തിലെ സ്വർണ്ണകാന്തിരേഖാ-കന്ദളി ഞാൻ;
അടർന്നു വീണ പുഷ്പത്തിന്നശാന്തഗന്ധമത്രേ ഞാൻ.
അധികം നാളിനിയില്ല പതനത്തി, ന്നതിന്മുന്നേ
മധുവാൽ മാനസത്തിന്റെ തൃഷ തീർത്തു ഗമിച്ചാലും.
സന്ധ്യയ്ക്കു വീണടിഞ്ഞ കുന്ദത്തിൽ പ്രഭാതത്തിൽ
സ്വാന്തം ബന്ധിച്ച വണ്ടിൻ ഗതി തവ ഭവിക്കായ്ക!

---

32. "സ്വർണ്ണകാന്തി...."സ്വർണ്ണപ്രകാശരേഖയുടെ നാമ്പു്. അശാന്തഗന്ധം=ഇനിയും അടങ്ങിക്കഴിയാത്ത വാസന. തൃഷ=ദാഹം. കുന്ദം=മുല്ലപ്പൂവു്. സ്വാന്തം=ഹൃദയം. "ഭ്രമര ഇവ വിഭാതേ കുന്ദമന്തസ്തുഷാരം നതു ഖലു പരിഭോക്തും നൈവ ശക്നോമി ഹാതും" എന്ന ശാകുന്തളപദ്യം അനുസ്മരിക്കുക.

# രംഗം എട്ട്

(ശ്ലോകം—ഖണ്ഡാരം)

33.
തരുതലഘനച്ഛായാപുഷ്പഛദാസ്തരണങ്ങളിൽ-
ഗ്ഗിരിദരികളിൽശ്ശൈത്യംചേരും
ശിലാതളിമങ്ങളിൽ
ഇരവുപകലെന്നെന്യേ ചിത്രാഗദാരതിലോലനാം
ഹരിതനയനോടന്നാളേകൻ വനേചര
നോതിനാൻ.

(അർജ്ജുനനും വനചരനും)

വനചരൻ

(ഖണ്ഡാരം—മുറിയടന്ത)

34.
ആരൊരാളിവിടത്തിൽ ഞങ്ങടെ
ആർത്തി തീർത്തു തുണക്കുവാൻ,
ആതതായികളായ ചോരരെ
അടരിലാട്ടിയകറ്റുവാൻ?

---

33. "തരുതല..."വൃക്ഷച്ചുവടുകളിലെ ഇട തൂർന്ന നിഴലിൽ പൂക്കൾ കൊണ്ടും തളിരുകൾ കൊണ്ടും രചിച്ച ശയ്യകളിലും മലകളിലെ ഗുഹകളിൽ തണുപ്പാർന്ന പാറനിലങ്ങളിലും. ചിത്രാംഗദാരതിലോലൻ = ചിത്രാംഗദയൊത്തു രമിക്കുന്നതിൽ തൽപരൻ. ഹരിതനയൻ= ഇന്ദ്രപുത്രൻ. വനേചരൻ=വനപ്രദേശനിവാസി.

34. ആർത്തി -ദുഃഖം. ആതതായി=കൊല്ലാൻ വരുന്നവൻ. 'തീർത്ഥചാരിണി'=ചിത്ര തീർത്ഥാടനം ചെയ്ത



ഉന്നതോത്തരപർവ്വതങ്ങളിൽ
നിന്നിറങ്ങി വരുന്ന പോൽ
ഉഗ്രമാം മലവെള്ളമൊത്തവർ
ഊക്കെഴും ഖലതസ്കരർ.
പാർത്ഥിവാത്മജ ചിത്രയില്ലിഹ
പടയിലവരെയടക്കുവാൻ;
തീർത്ഥചാരിണി ഗൂഢയായവൾ
ഏതു നാട്ടിൽ നടപ്പിതോ?
തായയും പ്രജകൾക്കു താതനും
ആയതാം നൃപകന്യ താൻ;
പേടിയെന്നതറിഞ്ഞതില്ലിവർ
നാട്ടു ചിത്ര ഭരിക്കവേ.
കാത്തു കൊൾവതിനാരൊരാളിനി?
ഞങ്ങളാരൊടു ചൊല്ലണം?
കഷ്ടി, മാതു വിപത്തിൽനിന്നു ക-
രേറ്റുവാ, നുയിർ പോറ്റുവാൻ?

(പോകുന്നു)

(ശ്ലോകം—എരിക്കില)

35.
വനചരഗിരം ശ്രുത്വാ ചിത്രാംഗദാഗതചിന്തയാ
തരളഹൃദയം ദസ്യുവ്രാതേ ധൃതക്രുധമർജ്ജുനം

---

യാണെന്നാണ് ജനസംസാരം. "തായയും..."അവൾ ഇവിടെയുണ്ടായിരുന്നപ്പോൾ ജനങ്ങൾക്ക് അവൾ മാതാപിതൃതുല്യയായിരുന്നു; അന്നു ജനങ്ങൾ ഭയം അറിഞ്ഞിരുന്നില്ല.

നളിനനയനാ ഗത്വാ മാലാമമുഷ്യ ഗളേ മിളൽ-
ഭ്രമരമുഖരാമാധായാലിംഗ്യ ഗാഢമുവാച സാ.

(ചിത്രാംഗദയും അർജ്ജുനനും)

ചിത്രാംഗദ

(എരിക്കില—ത്രിപുട)

36.

സുന്ദരാകൃതേ, കേൾക്ക മാമകവാക്യം
കുന്തീനന്ദന, ഫല്ഗുന!
കോമളകിസലയശ്യാമളശയനീയം
നിർഝരനിസ്സ്രുതശീകരശിശിരം
നിർമ്മിതമധിഗിരിദരി കമനീയം
കരവകനിഴലിലിരുന്ന കപോതം

---

35. (നളിനനയനാ സാ)താമരക്കണ്ണിയായ ചിത്ര (വനചരഗിരം ശ്രുത്വാ ചിത്രാംഗദ–ഗതചിന്തയാ തരളഹൃദയം) വനപ്രദേശനിവാസിയുടെ വാക്കു കേട്ട് ചിത്രാംഗദയെപ്പററിയുള്ള വിചാരത്താൽ ചഞ്ചലചിത്തനും (ദസ്യുവ്രാതേ ധൃതക്രുധം) തസ്കരസംഘത്തിൽ ക്രോധം പൂണ്ടവനുമായ (അർജ്ജുനം ഗത്വാ)അർജ്ജുനൻെറ അടുത്തു വന്ന് (മിളൽഭ്രമരമുഖരാം മാലാം അമുഷ്യ ഗളേ ആധായ) വണ്ടുകൾ ചേർന്നിരിക്കയാൽ ശബ്ദത്തോടു കൂടിയ പൂമാല ഇദ്ദേഹത്തിൻെറ കഴുത്തിലണിയിച്ച് (ഗാഢം ആലിംഗ്യ ഉവാച)മുറുകെ പുണർന്ന് പറഞ്ഞു.

36. "കോമള..."മലയുടെ ഗുഹയിൽ മനോഹരവും, ഊററുനീരിൽ നിന്ന് തെറിച്ച തുള്ളികളാൽ



കുറുകുന്നു പരിഘൂർണ്ണിതനയനം
കളകളമാർന്നീ നദിയൊഴുകുന്നു
കരയിലടിഞ്ഞു കിടന്നീടുന്നു
കചഭരനീലം മൃദുശൈവാലം
കാണും കണ്ണിന്നെന്തൊരു ശൈത്യം!
വിശ്രമവേള ഭവാനെ വിളിപ്പൂ
സംശ്ലേഷോത്സുക നിദ്രയിരിപ്പൂ.
ഉച്ചയൊരരുവി കണക്കെയൊലിപ്പൂ.

അർജ്ജുനൻ

(മാരധനാശി—അടന്ത ഇടവട്ടം)

37.

എത്രയോ ജനം ചൊല്ലിച്ചിത്രയാം കന്യയുടെ
ചിത്രങ്ങൾ ചരിത്രങ്ങൾ കേട്ടേൻ ഞാൻ പലപ്പോഴും;
അവളാം പൂവിലാണിന്നെൻ മനമാമളി പാറുന്നു;
അറിയാമോ നിനക്കേതാനാ രാജസുതാവൃത്തം?

---

തണുപ്പിയന്നതുമായ കറുത്ത തളിർമെത്ത ഞാൻ വിരിച്ചിരിക്കുന്നു. കരവകം=ചെങ്കുറിഞ്ഞിമരം. പരിഘൂർണ്ണിതനയനം=കൺചുഴററിക്കൊണ്ട്. ശൈവാലം=ചണ്ടി 'സംശ്ലേഷോത്സുക...'=ഉറക്കം അങ്ങയെ പുണരാൻ കാത്തിരിക്കുന്നു.

37. ചിത്രം=ആശ്ചര്യജനകം "അവളാം .."അവളെപ്പററിയാണ് ഇപ്പോൾ എൻെറ വിചാരം.

ചിത്രാംഗദ

(പൂർവ്വകല്യാണി—ചെമ്പട)

38.

ചിത്രാംഗദയതിദുർഭഗയത്രേ.
വളയും പുരികക്കൊടികളുമില്ല,
പുളയും കരിമീൻമിഴികളുമില്ല.
എയ്യാമമ്പുകൾ, വില്ലു കുലയ്ക്കാം;
വയ്യാ പൂരുഷഹൃദയം വെല്ലാൻ.
പെണ്ണിന്നെന്തിനു ശിക്ഷാ, ദീക്ഷാ,
പുണ്യം, കീർത്തി, ബലം, ഭുജവീര്യം?
വരനനുരൂപനു കരളർപ്പിയ്ക്കാൻ
വിരുതിയലാത്തൊരു വധു വധുവാമോ?
ഈ വനസരണിയിലിപ്പുഴവക്കിൽ
ഈ ദേവാലയപരിസരഭുവിൽ
അവളെക്കാണുകിലവിടന്നുടനേ
മിഴികളടച്ചു തിരിഞ്ഞു നടക്കും.
പിടയുന്നു തൻ ഭുജവീര്യത്തിൻ
തടവറ പൂകാപ്പെണ്ണിൻ ഹൃദയം.
അവളെ മറക്കുക, പാവമഭാഗിനി,
അവളേകാകിനി, യതിശയദുഃഖിനി.

---

38 ദുർഭഗ=വിരൂപ. ശിക്ഷ = വിദ്യാഭ്യാസം ദീക്ഷ=വ്രതം. ഭുജവീര്യം=പരാക്രമം. വനസരണി=വനമാർഗ്ഗം. "മിഴികളടച്ചു..."പഴയ അനുഭവം ആവർത്തിയ്ക്കുന്നു. "പിടയുന്നു..."സ്വന്തം പരാക്രമമാകുന്ന തടവറയിൽ അവളുടെ സ്ത്രീഹൃദയം തടങ്കലിലായിക്കിടന്നു പിടയുകയാണ്. അഭാഗിനി=നിർഭാഗ്യ.



അർജ്ജുനൻ

(മാരധനാശി—അടന്ത)

39.

ധീരനാരി കൈവെടിഞ്ഞു ചോരരെബ് ഭയന്നു കേഴും
ഗ്രാമവാസികൾക്കു വേണ്ടി കാർമ്മുകം
ഞാനേന്തിടട്ടെ.

ചിത്രാംഗദ

(സുരുട്ടി—ചെമ്പട)

40.

അവൾ പോം മുന്നേ ജനപദരക്ഷകൾ
വഴി പോൽച്ചെയ്യുന്നാരറിയാത്തോർ?
അതിനായ് വേണ്ട ഭവാനൊരു ചിന്തയും;
അരികുലമിങ്ങോട്ടണയാ നിയതം.
മാമകമാദകയൗവനസൂനം
മുകരുക, മാധുരി മുഴുവൻ നുകരുക!
മധുചഷകത്തെച്ചുണ്ടിലണയ്ക്കുക,
മതി വരുവോളം മോന്തി മയങ്ങുക!

---

39. "ധീരനാരി..." ചിത്രാംഗദയുടെ പരാക്രമത്തെപ്പറ്റി കേട്ട് അവളിലുളവായ താല്പര്യം അവളുടെ പ്രജകളോടുള്ള കരുണയായി ഇവിടെ പുറത്തു വരുന്നു.

40. ജനപദരക്ഷ=ഗ്രാമരക്ഷാവിധാനം. മുകരുക=മണക്കുക. നുകരുക=രുചിക്കുക. മധുചഷകം=മദ്യപാത്രം.

അർജ്ജുനൻ

(ശങ്കരാഭരണം—ചെമ്പട)

41.

വല്ലഭേ, കേൾക്ക മേ വാക്യം
ചിത്രാംഗദാഖ്യയായ പാർത്ഥിവപുത്രിയുടെ
ചിന്തയാലിന്നെൻ ചിത്തം ശാന്തി വെടിഞ്ഞിരിപ്പൂ.
ഘോരകാർമ്മുകം വാമപാണിയിൽ
ഘോടകരശ്മിയന്യപാണിയിൽ
ഏന്തി, നഗരജയലക്ഷ്മി പോലാർത്തത്രാണം
ഏകി, മാതാവിന്നൊപ്പം ചെയ്തു പോൽദ്ദയാദാനം
മുക്തലജ്ജയായ് വീതഭീതിയായ്
സച്ഛഹാസിനിയായവൾ
വീര്യസിംഹത്തിലേറി വിഷ്ടപാംബിക ദുർഗ്ഗ
പോലെ ഭക്തരെക്കാത്തു പാരം വിളങ്ങിയത്രേ.
ഓമനേ, കരയുന്നതെന്തയേ, നിന്നെ
നോവിച്ചുവോ ഞാനറിയാതെ?

---

41. അർജ്ജുനൻ ചിത്രാംഗദയോടുള്ള തന്റെ ആശ്ചര്യാഭിനന്ദനങ്ങൾ തുറന്നു പറയുന്നു. ഘോടകരശ്മി=കുതിരയുടെ കടിഞ്ഞാൺ. ആർത്തത്രാണം=ദീനരക്ഷണം. അവൾ നഗരത്തിന്റെ ജയദേവത പോലെ ദുഃഖിതരെ കാക്കുന്നു; അമ്മ പോലെ അവരിൽ ദയ പ്രദർശിപ്പിക്കുന്നു. മുക്തലജ്ജ=നാണം വെടിഞ്ഞവൾ. വീതഭീതി=ഭയമില്ലാത്തവൾ. സച്ഛഹാസിനി=തെളിഞ്ഞു ചിരിക്കുന്നവൾ. അവളുടെ പൌരുഷത്തിൽ അർജ്ജുനന് ഇപ്പോൾ ബഹുമതി തോന്നിത്തുടങ്ങി. വീര്യസിംഹം=പരാക്രമമാകുന്ന സിംഹം. "ഓമനേ..." ചിത്രാംഗദയു



നിന്നുടെ രഹസ്യമിതെന്നുമെനിയ്ക്കജ്ഞാതം;
എന്നിൽ നിന്നിപ്പോഴും നീയകന്നു മരുവുന്നു.
നിൻ പ്രസന്നമന്ദഹാസത്തിൽ-വാഴുന്നുണ്ടാഴ-
മാർന്നൊരശ്രുധാരയും
സുന്ദരമായ നിന്റെയീ ബാഹ്യാവൃതി നീക്കി
നിന്നുടെ സത്യമെന്നെയൊന്നു നീ കാണിച്ചാലും.

ചിത്രാംഗദ

(നീലാംബരി—ചെമ്പട)

42

അകലട്ടെ നിരർത്ഥകമാകുമീ വിഷാദം
അധരസമ്മേളനത്താൽ, വല്ലഭ!
അധികം ശ്രാന്തയായേൻ ഞാൻ, പകലിതു
കഴിയാറായ്,
അരുണനംബരത്തിന്റെ ചെരിവിൽ-
ച്ചാഞ്ഞിറങ്ങാറായ്;
തവ ബാഹാന്തരത്തിൽ ഞാൻ വിശ്രമിക്കട്ടെ!
നിബിഡാശ്ലേഷത്തിലെല്ലാം വിസ്മരിക്കട്ടെ!

---

ടെ സന്തോഷാശ്രുക്കളെ അസൂയാശ്രുക്കളെന്ന് അർജ്ജുനൻ ശങ്കിയ്ക്കുന്നു. "നിന്നുടെ രഹസ്യം..." ആ ചിത്രാംഗദ തന്നെയോ. ഇവൾ എന്ന ശങ്കയുടെ അങ്കുരം ഇവിടെ കാണുക. ബാഹ്യാവൃതി=പുറമെയുള്ള ആവരണം. പുറമെ കാണുന്ന ഈ രൂപം മാത്രമല്ല അവളെന്ന് അദ്ദേഹം മനസ്സിലാക്കിത്തുടങ്ങി.

42. നിരർത്ഥകം=രണ്ടു പേരുടെ വിഷാദങ്ങൾക്കും ഇനി വലിയ അർത്ഥമൊന്നുമില്ലല്ലോ. അധരസമ്മേളനം—ചുണ്ടുകളുടെ യോജിപ്പ്. ബാഹാന്തരം=മാറിടം. നിബിഡാശ്ലേഷം=മുറുകെയുള്ള ആലിംഗനം.

## രംഗം ഒമ്പതു്

(ശ്ലോകം—തോടി)

43.

കെട്ടഴിഞ്ഞ തുകിൽ പോലെ ലജ്ജ വിഗ-
ളിച്ചു; രാഗരസമൂർച്ഛിതോ-
ന്മത്തമുഗ്ദ്ധദിനരാത്രസന്തതി കൊ-
ഴിഞ്ഞു മഞ്ഞിലില മാതിരി;
പൂർത്തിയായിതൊരു വത്സരം; വരസ-
മാപ്തിയെത്തിടുമൊരന്ത്യമാം
രാത്രിയാ നൃപതിപുത്രി തന്നരികി-
ലെത്തി മാധവമനോഭവർ.

(വസന്തനും കാമദേവനും ചിത്രാംഗദയും)

വസന്തൻ

(അസാവേരി—ചെമ്പട)

44.

ചിത്രവാഹനപുത്രി, ചിത്രാംഗദേ, കേളിന്നു
രാത്രിയിലത്രേ വരപൂർത്തി നിനക്കെത്തുന്നു.
നിന്നുടെയംഗഭംഗി നാളെയുഷസ്സിൽ വീണ്ടും
ചെന്നെത്തും വസന്തത്തിന്നക്ഷയ്യഭണ്ഡാരത്തിൽ

---

43. വിഗളിച്ചു=ഉതിർന്നു പോയി. "രാഗരസ .." അനുരാഗാധിക്യംകൊണ്ടു ബോധമററു്, ഉന്മാദത്തിലെത്തിയ മനോഹരങ്ങളായ രാപ്പകലുകളുടെ കൂട്ടം, ശിശിരകാലത്തിലെ ഇലകൾ പോലെ, അറിയാതെ കൊഴിഞ്ഞു പോയി. വരസമാപ്തി=വരത്തിന്റെ പര്യവസാനം. മാധവമനോഭവർ=വസന്തനും കാമനും.

44. അക്ഷയ്യഭണ്ഡാരം=ഒടുങ്ങാത്ത കലവറ.



പാർത്ഥചുംബനസ്മൃതി പേറ്റും മറന്നു നിന്റെ
ഓഷ്ഠശോണിമ വല്ലീപല്ലവങ്ങളിൽച്ചേരും.
ഉന്നതസ്തനകാന്തി അർണ്ണോജമൊട്ടിൽക്കൂമ്പും,
ഇന്നത്തെക്കഥയെല്ലാം സ്വപ്നമായ് മറഞ്ഞു പോം.

ചിത്രാംഗദ

(ദേവഗാന്ധാരം—ചെമ്പട)

45.

മദനമാധവന്മാരേ, കൈവണങ്ങുന്നേൻ,
കദനതാരകന്മാരേ!
മുഴുവനും മലരാത്ത മലരിലെദ്ദലങ്ങൾ പോൽ
അഴകിതു പുലരിയിലടൻ വീണു പോം മുന്നേ
എണ്ണ തീർന്ന വിളക്കിന്റെയന്തിമജ്വാല
പോലെന്റെ
സുന്ദരതയിന്നിശയിൽ പൂർണ്ണമായ്ക്കത്തി
നിന്നാവൂ!

കാമദേവൻ

(കാമോദരി—ചെമ്പട)

46.

കാമിനി, നിൻ കാമിതമധുനാ
പൂരയാമി രമണി!

---

ഓഷ്ഠശോണിമ=ചുണ്ടിലെ ചുവപ്പ്. അർണ്ണോജമൊട്ട്=താമരമൊട്ട്.

45. കദനതാരകന്മാർ=ദുഃഖത്തിൽ നിന്നു കര കയററുന്നവർ.

46. പൂരയാമി=ഞാൻ നിറവേററുന്നുണ്ടു്. മല

ഹേ വസന്ത, മലയജപവമാനനൊ-
ടൊത്തുകിങ്ങലസമായ് വിളയാടാൻ.
അംഗങ്ങൾ തോറും വീണ്ടും ക്ലാന്തജീവനധാരി
ഏന്തി നവ്യമാമുല്ലാസം- ഒഴുകീടട്ടേ, പൂർണ്ണപ്രകാശം
ചിന്തി വിടർന്നീടട്ടേ സൌരഭം.
ദേവി ലക്ഷ്മി തൻ കഴൽ തഴുകീടും
പാവനം കമലമെന്ന പോലവേ
യൌവനമന്ദാനിലസ്പർശമേററു നിൻ തനു
ഭവ്യമായ് വിടർന്നിതു-ദിവ്യസൌരഭം, പാർത്ഥസന്നിധൌ
നിന്നു ചിതറുമെന്നു നിർണ്ണയം

---

യജപവമാനൻ=തെക്കൻ കാററ്. 'അംഗങ്ങൾ...' ക്ഷീണിച്ച ജീവചൈതന്യത്തിന്റെ പ്രവാഹം പുതിയ ഓജസ്സുകൊണ്ട് ഓരോ അവയവത്തിലും വീണ്ടും പ്രസരിയ്ക്കട്ടെ; സൌഭാഗ്യം അതിന്റെ പരിപൂർണ്ണതേജസ്സോടെ പ്രകടമാകട്ടെ. "ദേവി ലക്ഷ്മി തൻ..." ലക്ഷ്മിദേവിയുടെ പാദസ്പർശമേററു പരിശുദ്ധമായ താമരപ്പൂവുപോലെ നിന്റെ ശരീരം യൌവനമാകുന്ന തെന്നലിന്റെ തലോടലേററു മനോഹരമായി വികസിച്ച് അർജ്ജുനന്റെ മുമ്പിൽ അലൌകികമായ ഒരു സുഗന്ധം വിതറും.



അഞ്ചു ബാണവുമെടുത്തു തൊടുത്തുട-
നഞ്ജസാ നിശാനിദ്രാലസ്യം
ഭഞ്ജനം ചെയ്തു,നിങ്ങൾ രണ്ടാളെയൊത്തു ചേർത്തിന്നു
ദിവ്യാനന്ദത്തിലാഴ്ത്തുവൻ-പ്രേമ-
തീവ്രമൂർച്ഛയിൽ വീഴ്ത്തുവൻ.
പാലയിൽ പടർന്നുള്ള പിച്ചകം
പൂ പൊഴിയ്ക്കുമീ രാവിൽ നിലാവിൽ
അപ്രമേയമൊരു നിമേഷം തന്നിൽ സ്വർഗ്ഗസൌഖ്യയുഗങ്ങൾ
ഉൾപ്പുളകപ്രദങ്ങൾ നിങ്ങൾ രണ്ടാളു-
മൊപ്പമാസ്വദിയ്ക്കുവിൻ.

---

അഞ്ചു ബാണം=അരവിന്ദാശോകാദി,അല്ലെങ്കിൽ ഉന്മാദനതാപനാദി. അഞ്ജസാ=പെട്ടെന്ന്. നിശാനിദ്രാലസ്യം=രാവിൽ ഉറക്കം കൊണ്ടുണ്ടാകുന്ന മാന്ദ്യം. "അപ്രമേയം..." പരിച്ഛേദാതീതമായ ഒരു നിമിഷത്തിൽ ഹൃദയത്തിനു നിത്യപുളകമണിയിക്കുന്ന സ്വർഗ്ഗീയ സൌഖ്യങ്ങളുടെ യുഗപരമ്പരകൾ നിങ്ങൾ രണ്ടു പേരും അനുഭവിക്കുക.

# രംഗം പത്ത്

47.

(ശ്ലോകം—ഭൈരവി)

കന്ദർപ്പമാധവവിതീർണ്ണവരാ സ്വകീയം
സൌന്ദര്യസാരമുപദായ കിരീടിനേ സാ
ധന്യാ പ്രഭാതസമയേ നിജപൂർവ്വരൂപം
തന്വീ പ്രപദ്യ വിജയം നിജഗാദ ചിത്രാ.

(അർജ്ജുനനും 2-ാം രംഗത്തിലെ വേഷത്തിൽ ചിത്രയും)

ചിത്രാംഗദ

(ഭൈരവി—ചെമ്പട)

48.

കാമിതം സകലം തേ സാധിതം കിമു
കാന്ത കല്യാണമതേ!
സുലളിതനവനീതസുകുമാരമീ രൂപത്തിൻ
മധുവും ഗന്ധവുമങ്ങു മുഴുവനാസ്വദിച്ചില്ലേ?

---

47. (തന്വീ സാ ചിത്രാ) കൃശാംഗിയായ ആ ചിത്രാംഗദ (കന്ദർപ്പ മാധവവിതീർണ്ണവരാ) മദനനും വസന്തനും നൽകിയ വരം വാങ്ങി (സ്വകീയം സൌന്ദര്യസാരം കിരീടിനേ ഉപദായ) തന്റെ സൗന്ദര്യസത്ത് അർജ്ജുനന് കാഴ്ച വച്ച് (പ്രഭാതസമയേ നിജപൂർവ്വരൂപം പ്രപദ്യ) പ്രഭാതത്തിൽ തന്റെ പഴയ അനാകർഷകമായ രൂപം തിരികെ പ്രാപിച്ച് (വിജയം നിജഗാദ) അർജ്ജുനനോട് പറഞ്ഞു.

48. "കാമിതം......" അല്ലയോ മംഗളബുദ്ധിയായ ഭർത്താവേ, അങ്ങയുടെ ആഗ്രഹം മുഴുവൻ നിറവേറിയോ? സുലളിതനവനീതസുകുമാരം=മനോഹരമായ



അവശേഷമെഴാതെ ഞാനഖിലവും സമർപ്പിച്ചേൻ,
അയി നാഥ, കയ്യിലിനിയൊന്നുമില്ലല്ലോ.
ചരണപങ്കജപൂജയ്ക്കരിയ നന്ദനത്തിൽ നി-
ന്നരുസൌന്ദര്യസൂനങ്ങൾ തിരഞ്ഞിങ്ങു കൊണ്ടു
പോന്നേൻ;
കഴിഞ്ഞു പൂജയെന്നാലീ നിർമ്മാല്യപ്പൂപ്പാലിക
എറിഞ്ഞു കളയുക ശങ്കയേലാതേ.
അദൈവമമല്ലെൻ സൌന്ദര്യം, നന്ദനസൂനങ്ങൾ
പോലെ
അഭംഗുരമല്ലെൻ നവയൌവനോല്ലാസം.
ക്ഷതപാദ, ധൂളീലിപ്തവസന, സംസാരമാർഗ്ഗ-
പഥിക ഞാൻ; പ്രസൂനത്തിന്നകളങ്കത്വ
മിങ്ങെങ്ങോ?

---

പുതുവെണ്ണ പോലെ മാർദ്ദവമിയന്നത്. "ചരണപങ്കജ.." ദേവന്മാരുടെ ഉദ്യാനമായ നന്ദനത്തിൽനിന്ന്, അങ്ങയുടെ പാദപൂജക്ക വേണ്ടി സൌന്ദര്യപുഷ്പങ്ങൾ തിരഞ്ഞെടുത്ത് എന്റെ ശരീരമാകുന്ന പൂപ്പാലികയിൽ വെച്ചു ഞാൻ കൊണ്ടുപോന്നു. പൂജ കഴിഞ്ഞുവെങ്കിൽ ഈ നിർമ്മാല്യപ്പൂപ്പാലിക-എന്റെ ശരീരം-നിശ്ശങ്കം പുറത്തെക്കെറിയുക (ദേവവരത്താൽ സിദ്ധിച്ച സൌന്ദര്യത്തെ ദിവ്യപുഷ്പങ്ങളാക്കി കല്പിച്ചിരിക്കുന്നു.) "അദൈവമ......" മുമ്പു ഞാൻ പറഞ്ഞതു ശരിയല്ല. എന്റെ സൌന്ദര്യവും യൌവനവും ദിവ്യമോ, സ്വർഗ്ഗീയപുഷ്പങ്ങൾ പോലെ ശാശ്വതമോ അല്ല. ക്ഷതപാദ=കാൽ മുറിഞ്ഞവൾ. ധൂളീലിപ്തവസന=വസ്ത്രത്തിൽ പൊടി പുരണ്ടവൾ. സംസാരമാർഗ്ഗപഥിക=ലോകമാർഗ്ഗത്തിലെ യാത്രക്കാരി. പുഷ്പത്തിന്റെ നിഷ്കളങ്ക

അറിഞ്ഞാലും: നൃപപുത്രിയായ ചിത്രാംഗദയീ ഞാൻ:
അണഞ്ഞേനങ്ങ തൻ മുന്നിലണിഞ്ഞു ഞാനൊരു
നാളിൽ.
രൂപഹീന മുഖര ഞാൻ നാണമെന്യേ പുരുഷൻ പോൽ
നേരിലങ്ങയോടു ചോദന്നെന്നഭിലാഷങ്ങളെല്ലാം.
നിരസിച്ചു ഭവാനെന്നെ, യതു നന്നായ്: ദയ മൂലം
പരിഗ്രഹിച്ചിരുന്നെങ്കിൽ ഫലം നിത്യപശ്ചാത്താപം.
അവളത്രേ ഞാൻ, എന്നാലുമവളല്ല ഹൃദയേശ!
അവളെന്റെ ഹീനമായ മായാവേഷം മാത്രമത്രേ.
വസന്തമന്മഥദേവവരത്താൽ ഞാൻ സുന്ദരിയായ്,
വഞ്ചനയാൽ ഭവത്സ്വാന്തം സ്വന്തമാക്കി ഞെളിഞ്ഞു
ഞാൻ.
അവളത്രേ ഞാൻ, എന്നാലുമവളല്ല ഹൃദയേശ!
അവളെന്റെ ഹീനമായ മായാവേഷം മാത്രമത്രേ.

---

ത്വം എന്നിലില്ല. രൂപഹീന=സൌന്ദര്യമില്ലാത്തവൾ. മുഖര=വാചാല. “ദയ മൂലം...” അന്നു ദയ വിചാരിച്ച് അങ്ങനെ സ്വീകരിച്ചിരുന്നുവെങ്കിൽ അതിന്റെ ഫലം നമുക്ക് രണ്ടു പേർക്കും നിത്യമായ പശ്ചാത്താപമാകുമായിരുന്നു. “അവളത്രേ......” ഞാൻ ആ ചിത്രാംഗദയാണ്; പക്ഷെ അവളല്ല താനും. കാരണം, അണിഞ്ഞു നാണം കൂടാതെ അങ്ങയുടെ അടുത്തു ധാർഷ്ട്യത്തോടെ പെരുമാറിയ ആ ചിത്രാംഗദ യഥാർത്ഥചിത്രാംഗദയുടെ തുച്ഛമായ ഒരു അസത്യാവരണം മാത്രമാണ്. ഭവത്സ്വാന്തം=അങ്ങയുടെ ഹൃദയം. “അവളത്രേ...” വഞ്ചനയുപയോഗിച്ച് അങ്ങയെ കീഴടക്കിയ ആ ചിത്രാംഗദയും യഥാർത്ഥത്തിലുള്ള ചിത്രയുടെ ഒരാവരണം മാത്രമാണ്. ആ യഥാർത്ഥചിത്രയുടെ രൂപം ഇനി പറയു



ദേവിയല്ല, പൂജ ചെയ്തു തലയിലേറ്റുക വേണ്ട;
കേവലനാരിയുമല്ല, ചവിട്ടിത്താഴ്ത്തുക വേണ്ട;
സ്ത്രീഹൃദയമാർന്ന ചിത്രയാണു ഞാൻ, അർദ്ധാംഗിനി
യായ്
സ്വീകരിക്കുകെന്നെയെന്നും സുഖദുഃഖസംഗിനി
യായ്.
എന്നിൽ ഞാൻ ധരിയ്ക്കുന്നോരവിടത്തെയംശമൊരു
നന്ദനനെങ്കിലാബാല്യമസ്ത്രശിക്ഷയവനേകി
രണ്ടാമർജ്ജുനനാക്കിബ്ഭവൽപാദപയോജത്തിൽ
കൊണ്ടുവന്നൊരു നാൾ ഞാനവനെക്കാഴ്ചയായ്
വെയ്ക്കും.
അന്നു കാണും ഭവാനെന്നെ ഗേഹിനിയായ്,
ജീവനേകും
അമ്മയായ്, ശാശ്വതസ്ഥിത്യാത്മികയാം വിശ്വ
മാതാവായ്.

---

ന്നു. അർദ്ധാംഗിനി=ശരീരത്തിന്റെ പാതി. സുഖദുഃഖസംഗിനി=സുഖദുഃഖങ്ങളിൽ പങ്കു കൊള്ളുന്നവൾ. (സ്ത്രീ പുരുഷനോട് ചോദിക്കുന്നതു പൂജയോ ദാസ്യമോ അല്ല, സഖ്യമാണ്, സമത്വം) “എന്നിൽ...” ഞാൻ ഗർഭവതിയാണ്. പിറക്കുന്നതു പുത്രനെങ്കിൽ അവനെ യോഗ്യനാക്കി വളർത്തി യഥാകാലം അങ്ങയ്ക്കു ഞാൻ കാഴ്ച വെക്കും. (ഈ ശിശുവാണ് ബഭ്രുവാഹനൻ) ഗേഹിനി = കുടുംബിനി. ശാശ്വതസ്ഥിത്യാത്മിക = ലോകത്തെ നിത്യം പരിപാലിക്കുന്നവൾ.

അന്നു മാത്രം ഭവാൻ കാണുമെൻ യഥാൎത്ഥരൂപം
പാൎത്ഥ!
ഇന്നു കാല്ക്കൽസ്സമൎപ്പിച്ചേൻ കേവലം ചിത്രയെ നാഥ!

അൎജ്ജുനൻ

ധന്യധന്യേ, ചിത്രേ, നിന്നെയിന്നു നന്നായ് കണ്ട-
റിഞ്ഞേൻ;
പൂൎണ്ണമായി വന്നു നിന്നാൽ ധന്യമെൻ ജീവിതം
കാന്തേ!

(മംഗളശ്ലോകം—ധന്യാശി)

പരതന്ത്രതാന്ധതമസാവഗുണ്ഠിതേ
ഭാരതാവനീവിയതി വിശ്വബാന്ധവഃ
ഉദഗാദ്യ ഏഷ നിജഗോഭിരാന്തരം
തിമിരം ഭിനത്തു ഭവതാം കവീ രവിഃ

---

സ്ത്രീയുടെ യഥാൎത്ഥരൂപം ഇതാണു്. "ഇന്നു കാല്ക്കൽ" ഇന്നു് ആവരണങ്ങളെല്ലാം നീങ്ങിയ വെറും ചിത്രയെ ഞാൻ അങ്ങയ്ക്കു കാഴ്ച വെയ്ക്കുന്നു. "പൂൎണ്ണമായി......" എന്റെ ജീവിതം ഇന്നു ചരിതാൎത്ഥമായി.

(ഭരതാവനീവിയതി) ഭാരതഭൂമിയുടെ അന്തരീക്ഷം (പരതന്ത്രതാന്ധതമസാവഗുണ്ഠിതേ) അടിമത്തമാകുന്ന കൂരിരുട്ടുകൊണ്ടു് മൂടപ്പെട്ടിരുന്ന സമയത്തു് (യഃ ഏഷഃ ഉദഗാൽ) പ്രസിദ്ധനായ ഏതൊരുവൻ ഉദയം കൈക്കൊണ്ടുവോ, (വിശ്വബാന്ധവഃ) ലോകബന്ധുവും (കവി:) ക്രാന്തദർശിയുമായ (രവി:) ആ രവീന്ദ്രനാഥനാകുന്ന സൂര്യൻ (നിജഗോഭിഃ) സ്വന്തം വാക്കുകളാകുന്ന രശ്മികളെക്കൊണ്ടു് (ഭവതാം) നിങ്ങളുടെ (ആന്തരം തിമിരം) ഹൃദയത്തിലെ അന്ധകാരത്തെ (ഭിനത്തു) നശിപ്പിക്കട്ടെ.

—( * )—

## ഞങ്ങളുടെ ചില പ്രസിദ്ധീകരണങ്ങൾ

| | | |
|---|---|---|
| 1. സ്വിസിലേക്കൊരു യാത്ര | — P. T. ഭാസ്കരപ്പണിക്കർ | 1-00 |
| 2. കടപ്പാടിന്റെ കാല്പാടുകൾ | — കോന്നിയൂർ ദാമോദരൻ | 1-25 |
| 3. സ്നേഹങ്ങളും കലഹങ്ങളും | — ബി. മാധവമേനോൻ | 1-50 |
| 4. അറബ് ലോകം | — മുഹിയദ്ദീൻ ആൽവാ | 1-50 |
| 5. ഭാരതീയ വനിത | — സുഭദ്രാപരമേശ്വരൻ | 0-75 |
| 6. വീണ്ടും ജീവിതത്തിലേക്ക് (റഷ്യൻ നോവൽ) | — നിക്കോളേയ് ഒസ്തോവ്സ്കി | 7-50 |
| 7. അവന്റെ തലയില്ലാത്ത സമ്മാനം (ജർമ്മൻ നോവൽ) | — അന്നഷേഗേഴ്സ് | 3-00 |
| 8. യ്വേറേറ (ഫ്രഞ്ചുനോവൽ) | — മോപ്പസാങ്ങ് | 1-75 |
| 9. മന്ത്രിയുടെ ഭാര്യ (യൂഗോസ്ലാവ്യൻ നാടകം) | — ബ്രാനിസലാവ് നൂഷിച്ച് | 1-25 |
| 10. നുകത്തിനടിയിൽ (ബൾഗേറിയൻ നോവൽ) | — ഐവൻവാസോ | 3-00 |

**C. I. C. C. Book House,**

**T. B. Road,**

**ERNAKULAM.**